കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

2018-19

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി.8)701/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ :dotsr.ksad@kerala.gov.in
തീയതി:04/08/20

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി8)701/2020 തിയ്യതി:04/08/20

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 05.07.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2020 മുതൽ 15.07.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ രാം മനോഹർ വി.കെ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി ഹണി.കെ.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലിഷ കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രേഖ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.ഡി.ധനീപ് | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി. മിനി.കെ.ആർ | 01-04-2018 മുതൽ 26.04.2018 വരെ |
| | ശ്രീ. സി.കെ. ബാലകൃഷ്ണൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | 27.04.2018 മുതൽ 08.05.2018 വരെ |
| | ശ്രീമതി. മിനി.കെ.ആർ | 09.05.2018 മുതൽ 31-03-2019 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ആര്യ.വി.ബി. | 01.04.2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആൻസി.യു.എ. | 01.04.2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (തുപ്പറ്റ് സർക്കിൾ) | ശ്രീമതി.ലിജി.ഇ.പി | 01.04.2018മുതൽ 13.09.2018FNവരെ |
| | ശ്രീ.അബ്ദുൾ ഗഫൂർ | 13.09.2018AN മുതൽ 15.03.2019 വരെ |
| | ശ്രീമതി.സുമ.എ.എസ് | 16.03.2019 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| വി.ഇ.ഒ., (അണ്ടത്തോട് സർക്കിൾ) | ശ്രീ.രതീഷ്.ആർ | 01.04.2018 മുതൽ 4.06.2018 FN വരെ |
| | ശ്രീമതി.ലിജി.ഇ.പി | 4.06.2018 AN മുതൽ 13.09.2018 വരെ |
| | ഒഴിവ് | 14.09.2018 മുതൽ 21.09.2018 വരെ |
| | ശ്രീ.ദീപക്.കെ | 22.09.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (പുന്നയൂർക്കുളം സർക്കിൾ) | ശ്രീമതി.സ്മിത.ഐ.വി | 01-04-2018 മുതൽ 01-10-2018 വരെ |
| | ശ്രീ.ദീപക്.കെ. | 02-10-2018 മുതൽ 31-03-2019വരെ |
| വെറ്ററിനറി സർജൻ | ഡോ. റീന ജോൺ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ടി.എസ്. മണികണ്ഠൻ | 01-04-2018 മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. റഷീദ്.എ.റ്റി. | 01-04-2018 മുതൽ 07-03-2019 വരെ |
| | ഡോ.അരുൺബാബു.എൻ.ബി | 08-03-2019മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശാന്ത.ടി.എസ്. | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സി.കെ.ബാലകൃഷ്ണൻ | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രധാന അദ്ധ്യാപിക ജിഎൽപിഎസ് അണ്ടത്തോട് | ശ്രീമതി. ശൈലജ | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രധാന അദ്ധ്യാപിക ജിയുപിഎസ്, ചെറായി | ശ്രീമതി.മിനി.സി | 01-04-2018 മുതൽ 31-03-2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഡോ. സിനി വിൽസൻ. | 01-4-2018 മുതൽ 04.09.2018 വരെ |
| | ശ്രീമതി. ഫാത്തിമ.പി.എം. | 05-09-2018 മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പെർമിറ്റ് ,നമ്പറിങ്ങ് നടപടിക്രമങ്ങൾ ശരിയായി പാലിക്കുന്നില്ല- പെർമിറ്റ് അനുവദിക്കുന്നതിലും വസ്തു നികുതി നിർണ്ണയിക്കുന്നതിലും അപാകതകൾ സംഭവിക്കുന്നു | 1-12 |

| | | |
|---|---|---|
| 13 | നിയമാനസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് യുഎ നംപർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ല | 1-13 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ലൈസൻസ് അനുവദിച്ചപ്പോൾ ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. | 1-14 |
| 15 | തൊഴിൽ നികുതി -അപാകതകൾ | 1-15 |
| 16 | മാനുവൽ രശീതി പുസ്തകങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-16 |
| 17 | ടെണ്ടർ ഫോറത്തിന്റെ വില-പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 18 | കളക്ഷൻ ചാർജ് -ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-18 |
| 19 | സ്ട്രീറ്റ് ലൈറ്റ് സേവനം-- സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം | 1-19 |
| 20 | പൊതുടാപ്പ് സേവനം--സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം | 1-20 |
| 21 | ടെക്നിക്കൽ അസിസ്റ്റന്റിന് കണക്കിലുള്ളതിൽ കൂടുതൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു | 1-21 |
| 22 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി തുക കൈമാറിയത്- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 23 | S005/19 – പ്ളാൻ മോണിറ്ററിംഗ്-- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| 24 | S178/19-- ജി ഐ എസ് മാപ്പിംഗ് (Geographic Information System Mapping)--പദ്ധതി ലക്ഷ്യം നേടിയില്ല | 1-24 |
| 25 | തെരുവുവിളക്ക് പരിപാലനം-- അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ല | 1-25 |
| 26 | മാലിന്യസംസ്കരണ പദ്ധതികൾ--- അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. | 1-26 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുകയോ മോണിറ്ററിംഗ് നടത്തുകയോ ചെയ്യുന്നില്ല | 1-27 |
| 28 | പ്രൊഡക്ഷൻ ബോണസ് വിതരണം ചെയ്തിട്ടില്ല | 1-28 |
| 29 | കാർഷികമേഖല – അവലോകനം | 1-29 |
| 30 | ഹെഡ് മിസ്ട്രസ് (ജിഎൽപിഎസ് അണ്ടത്തോട് )നിർവഹണോദ്യോഗസ്ഥയായ പദ്ധതികളോടനുബന്ധിച്ചുള്ള അപാകതകൾ | 1-30 |
| 31 | ഹെഡ് മിസ്ട്രസ് (ജിയുപിഎസ് ചെറായി)നിർവഹണോദ്യോഗസ്ഥയായ പദ്ധതികളിലെ അപാകതകൾ | 1-31 |
| 32 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-32 |
| 33 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 1-33 |
| 34 | ഐ സി ഡി എസ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളിലെ അപാകതകൾ | 1-34 |
| | | |

| | | |
|---|---|---|
| 35 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്. | 1-35 |
| 36 | മരാമത്ത് പണികൾ--പിഡബ്ല്യുഡി മാന്വൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല | 1-36 |
| 37 | കരാർ വെച്ചിട്ടും ആരംഭിക്കാത്ത പദ്ധതി പ്രവർത്തനങ്ങൾ | 1-37 |
| 38 | കുടിവെള്ള പദ്ധതികൾ - തുടർ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-38 |
| 39 | അണ്ടത്തോട് കോൺക്രീറ്റ് പാലം ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് | 1-39 |
| 40 | കരാറുകാരന് അനുവദിച്ച അധിക തുക തിരികെ ഈടാക്കണം | 1-40 |
| 41 | പ്രവൃത്തിമൂല്യത്തിനനുസരിച്ച് ബിൽ തുകയിൽ നിന്നും ഈടാക്കൽ നടത്താതെ കരാറുകാരന് തുക അനുവദിച്ച നൽകിയത് ക്രമത്തിലല്ല. | 1-41 |
| | ഭാഗം 2<br>വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| 42 | കരാറുകാരന് അനുവദിച്ച അധിക തുക തിരികെ ഈടാക്കണം | 3-1 |
| 43 | പ്രവൃത്തിമൂല്യത്തിനനുസരിച്ച് ബിൽ തുകയിൽ നിന്നും ഈടാക്കൽ നടത്താതെ കരാറുകാരന് തുക അനുവദിച്ച നൽകിയത് ക്രമത്തിലല്ല. | 3-2 |
| 44 | ശാരീരിക മാനസിക വൈകല്യമുള്ളവരുടെ സ്കോളർഷിപ്പ്-അർഹമായതിലും അധികം തുക അനുവദിച്ചു | 3-3 |
| | ഭാഗം 4 | |
| 45 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 49 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 50 | സ്ഥിര നിക്ഷേപം | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 53 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |


# **ഭാഗം -1**
# **ഓഡിറ്റ് റിപ്പോർട്ട്**

# 1-1 ബജറ്റ്

24-03-2018 തീയതിയിലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.02.2019തീയതിയിലെ 2 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച.പ്രതീക്ഷിത വരവ് 373894337 രൂപയും പ്രതീക്ഷിത ചെലവ് 353200157രൂപയും ആണ്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 14-05-2019 | --- | ---- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25313035 |
| വരവ് | 98145672 |
| ആകെ | 123458707 |
| ചെലവ് | 93422428 |
| നീക്കിയിരിപ്പ് | 30036279 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19743000 | 19743000 | 17403334 | 2339666 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5321000 | 5321000 | 4711868 | 609132 |
| വികസന ഫണ്ട്-ടി.എസ്.പി. (ACR പ്രകാരം) | 0 | 111000 | 111000 | 0 | 111000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8732000 | 8732000 | 6712028 | 2019972 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4084000 | 4084000 | 3658737 | 425263 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9163000 | 9163000 | 7436614 | 1726386 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 260459596 | 110 | 75777116 | 62 | 9 | 60.7 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3293 | 586627 | 589920 | 583359 | 6561 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27105376 | 27105376 | 27105376 | 0 |

ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 168360 | 104 |
| കർഷകതൊഴിലാളി പെൻഷൻ | 6256500 | 478 |
| വിധവാപെൻഷൻ | 21330300 | 1770 |
| വാർദ്ധക്യകാല പെൻഷൻ | 20276200 | 1724 |
| വികലാംഗ പെൻഷൻ | 4480700 | 363 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.07.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16435 രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1)ബജറ്റും ബജറ്റ് നിയന്ത്രണവും (Budget and Budgetory Control)
ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 12.02.18 ന് ശേഷവും 15.03.18 ന് മുൻപും ഉള്ള തീയതി രേഖപ്പെടുത്താതെയുള്ള (1):ാംനമ്പർ തീരുമാനപ്രകാരം 2018-19 സാമ്പത്തിക വർഷത്തെ കരട് ബജറ്റ് പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അംഗീകരിച്ചു എന്ന് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(1എ) വകുപ്പ് പ്രകാരം 2018-19 ലെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു എങ്കിലും തുടർന്ന് ചർച്ചകൾ നടന്നതായി ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും 24.03.18 ൽ ബജറ്റ് അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2018-19 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 09.02.19 ലെ തീരുമാനം നംപർ (2) പ്രകാരം 2018-19 ലെ റിവൈസ്ഡ് ബജറ്റ് വായിച്ച് അംഗീകരിച്ചത്.പഞ്ചായത്ത് ഭരണസമിതി 2019-20ലെ കരട്ബജറ്റ് അംഗീകരിക്കുമ്പോൾ 2018-19 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2) അക്കൗണ്ടിംഗ്

ഗ്രാമപഞ്ചായത്ത് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ് , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം അതിന്റെ കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ഗ്രാമപഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3) നികുതി ചുമത്തലും നിയന്ത്രണാധികാരവും

ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് നികുതി ചുമത്തുന്നതിനുള്ള അധികാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർന്ന് 1996 ൽ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും, ഈടാക്കലും, അപ്പീലും) ചട്ടങ്ങളും സർക്കാർ പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നികുതി ചുമത്തുവാൻ പഞ്ചായത്ത് കൊണ്ടുവരുന്ന പ്രമേയം പാസാക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ 2018-19 വർഷം ഗ്രാമപഞ്ചായത്ത് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടില്ലാത്തതാണ്.

ഗ്രാമപഞ്ചായത്തിലെ പ്രധാന നികുതി വരുമാനമായ തൊഴിൽ നികുതി ഈടാക്കുന്നതിലും, വസ്തുനികുതി നിർണ്ണയിക്കുന്നതിലും ചട്ടവ്യവസ്ഥകൾ [1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ] പാലിക്കാത്തത് കാരണം ന്യായമായും പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം യഥാവിധി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം ഗ്രാമപഞ്ചായത്തുകൾക്ക് ചില നിയന്ത്രണ അധികാരങ്ങൾ നൽകിയിട്ടുണ്ട്. നിയമത്തിന്റെ മൂന്നാം പട്ടിക പ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക, അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക തുടങ്ങിയവ ഇപ്രകാരമുള്ള നിയന്ത്രണ അധികാര പരിധിയിൽ വരുന്നതാണ്. ഈ നിയന്ത്രണ അധികാരങ്ങൾ പ്രയോഗിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് വിവിധ തരത്തിലുള്ള ഫീസുകൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുവാൻ കഴിയുന്നു. 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ഇപ്രകാരമുള്ള നിയന്ത്രണ അധികാരം പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമവ്യവസ്ഥകളാണ്.

ഗ്രാമപഞ്ചായത്ത് നിയന്ത്രണ അധികാരങ്ങൾ പ്രയോഗിക്കുന്ന സമയത്ത് വരുത്തിയ വീഴ്ചകൾ ഉദാഹരണങ്ങൾ സഹിതം ഈ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

4) ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ്, ലക്ഷ്യങ്ങൾ നിർണ്ണയിച്ച്, സാധ്യതകൾ കണ്ടെത്തി, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അതിന്റെ അടിസ്ഥാനത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിനെയാണ് പൊതുവെ ആസൂത്രണം എന്ന് വിവക്ഷിക്കുന്നത്. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ളതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ളതുമായ സംഗതികളെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമാണ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകളെ ഭരമേൽപ്പിച്ചിട്ടുള്ളത്.

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അതാത് മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു. ഇപ്രകാരം രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വികസന മേഖലയിൽ അവസ്ഥാരേഖയും (Status Report) തയ്യാറാക്കിയിരുന്നു.

മേൽ ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം ബഡ്ജറ്റ് അംഗീകരിക്കുന്നതിന് മുൻപായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബഡ്ജറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ്.

അതായത് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ/ഭേദഗതി ശുപാർശ ചെയ്യപ്പെട്ടാൽ പ്രസ്തുത നിർദ്ദേശങ്ങൾ/ ഭേദഗതികൾ ഉൾപ്പെടുത്തിയ പുതുക്കിയ ബഡ്ജറ്റ് പാസാക്കാൻ ഗ്രാമപഞ്ചായത്തിന് ബാധ്യതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പുതുക്കിയ ബഡ്ജറ്റ് പാസ്സാക്കിയല്ല പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. [ഉദാ: (i) 02.04.18 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം പ്രകാരം 2017-18 ൽ പൂർത്തീകരിക്കാൻ സാധിക്കാത്ത 57 പദ്ധതികൾ സ്പിൽ ഓവറായി 2018-19 ൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ബഡ്ജറ്റ് പുതുക്കിയില്ല.]

പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും മേൽ പരാമർശിച്ച 29.01.18 ലെസർക്കാർ ഉത്തരവിലെ ഖണ്ഡിക 13.1 വ്യക്തമാക്കുന്നു. എന്നാൽ ചില പ്രൊജക്ടുകളൊഴിച്ച് ഇപ്രകാരം എല്ലാ പ്രൊജക്ടുകളിലും മോണിറ്ററിംഗ് പ്രവർത്തനം നടത്തിയതിന് രേഖകൾ സൂക്ഷിക്കുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.01.2020 | ഒക്ടോബർ 2019, നവംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.3.2014 - 10-03-2014 | 2008-09 മുതൽ 2012-13 വരെ | 20.5.2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| - | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2462536 | 2298961 | 187189 | 1214 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2462536 | 2296474 | 187189 | 6173 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (6173/105X100)= 6482 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| - | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1728857 | 1603255 | 85383 | 48055 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1728857 | 1602945 | 85383 | 41992 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | 41992x105/100)= 44092 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2 കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| - | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| “സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6724 | 8596 | 534 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *4203 | 8596 | **0 |
| | *2017-18-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 തുകയിൽ നിന്നും ലൈബ്രറി സെസ്സ് കുറച്ച തുക (ചെറിയ വ്യത്യാസം ലൈബ്രറി സെസ്സിലെ റൗണ്ടിങ്ങ് ആയി കണക്കാക്കി) | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43 | ** (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

2017-18-ലെ ബാലൻസ് ഷീറ്റ് പ്രകാരം റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശിക ഡിമാന്റ് തുക 4203 രൂപയാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത ഡിമാന്റ് 6724 രൂപയാണ്. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ വസ്തു നികുതിയുടെ പ്യൂരിഫിക്കേഷൻ നടത്തിയതു മൂലം വന്ന വർദ്ധനയാണിതെന്ന് അറിയിച്ചിട്ടുണ്ട്. ഡിമാന്റിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി (6724-4203=2521) ജേണൽ വൗച്ചർ നം.41800430/31.3.2019 പ്രകാരം 2521 രൂപ പ്രയർ പിരിയഡ് ഇൻകം-വസ്തു നികുതി റെസിഡൻഷ്യൽ എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്ത് കുടിശ്ശിക ഡിമാന്റ് ക്രമപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ, പ്യൂരിഫിക്കേഷൻ നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെട്ട അധിക ഡിമാന്റ് കണക്കാക്കിയ വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.

2.2.2 നോൺ-റെസിഡൻഷ്യൽ

| - | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| “സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 14665 | 14652 | 40 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *13203 | 14652 | **0 |
| | *(2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15തുകയിൽ നിന്നും ലൈബ്രറി സെസ്സ് കുറച്ച തുക (ചെറിയ വ്യത്യാസം ലൈബ്രറി സെസ്സിലെ റൗണ്ടിങ്ങ് ആയി കണക്കാക്കി) | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43 | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2017-18-ലെ ബാലൻസ്ഷീറ്റ് പ്രകാരം നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശിക ഡിമാന്റ് തുക 13203 രൂപയാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത ഡിമാന്റ് 14665 രൂപയാണ്. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ വസ്തു നികുതിയുടെ പ്യൂരിഫിക്കേഷൻ നടത്തിയതു മൂലം വന്ന വർദ്ധനയാണിതെന്ന് അറിയിച്ചിട്ടുണ്ട്. ഡിമാന്റിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി (14665-13203=1462) ജേണൽ വൗച്ചർ നം.41800431/31.3.2019 പ്രകാരം 1462 രൂപ പ്രയർ പിരിയഡ് ഇൻകം-വസ്തു നികുതി നോൺ-റെസിഡൻഷ്യൽ എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്ത് കുടിശ്ശിക ഡിമാന്റ് ക്രമപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ, പ്യൂരിഫിക്കേഷൻ നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെട്ട അധിക ഡിമാന്റ് കണക്കാക്കിയ വർക്ക് ഷീറ്റുകളും നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

<table>
<tr><th colspan="2" rowspan="2">-</th><th colspan="3">ഡിമാന്റ്</th><th colspan="3">കളക്ഷൻ</th><th rowspan="2">മുൻകൂർ ക്രമീകരിച്ചത്</th><th rowspan="2">ഡിമാന്റ് കുറവ് ചെയ്തത്</th><th colspan="3">ബാക്കി</th></tr>
<tr><th>തൻ വർഷം</th><th>കുടി ശ്ശിക</th><th>ആകെ</th><th>തൻ വർഷം</th><th>കുടി ശ്ശിക</th><th>ആകെ</th><th>തൻ വർഷം</th><th>കുടി ശ്ശിക</th><th>ആകെ</th></tr>
<tr><td rowspan="3">"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം</td><td>റെസിഡൻഷ്യൽ</td><td>125684</td><td>367</td><td>126051</td><td>116382</td><td>431</td><td>116813</td><td>9948</td><td></td><td>62</td><td>48</td><td>8</td></tr>
<tr><td>നോൺ-റെസിഡൻഷ്യൽ</td><td>87284</td><td>739</td><td>88023</td><td>80703</td><td>733</td><td>81436</td><td>4431</td><td></td><td>2407</td><td>4</td><td>2411</td></tr>
<tr><td>ആകെ</td><td colspan="2">214074</td><td>214074</td><td colspan="2">198249</td><td>198249</td><td>14379</td><td></td><td>2469</td><td>52</td><td>2419</td></tr>
<tr><td colspan="2"></td><td colspan="3"></td><td colspan="3"></td><td></td><td></td><td colspan="3"></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 215316 | 198249 | | 212903 | 2413 |
| | 879+212774+1663 (2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101- State govt. Cess/levies... ലെഡ്ജർ 2018-19) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ)

2.5 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 'Other liabilities' എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/03/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ (ലൈബ്രറി സെസ്സ് ഒഴികെ) |
|---|---|---|---|
| 1 | 350410101-Advance collection of revenues- Property tax on Residential building | 23353 | 25353 |
| 2 | 350410101-Advance collection of 7342 revenues- Property tax on Non-Residential building | 7342 | 7702 |

2.6. 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ നിരവധി പുതിയ കെട്ടിടങ്ങൾക്ക് വിവിധ മാസങ്ങളിലായി നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 25.1.2019, 22.2.2019(residential), 25.01.2019, 28.03.2019(non residential എന്നീ തിയതികളിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരവും 198249 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽപ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയുമല്ല, മറിച്ച് 212903 രൂപയാണ്. (വൗച്ചർ 41800432 മുതൽ 41800435 തീ.31.03.2019) (പട്ടിക 2.3 കാണുക).

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക

വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 0 | 187189 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 0 | 85383 |

2.9 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 33055 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800426 | 31.03.2019 | 187189 |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800428 | 31.03.2019 | 85383 |

3. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 ഓഡിറ്റോറിയം വാടക രജിസ്റ്റർ

3.2 ലൈബ്രറി രജിസ്റ്റർ

3.3 ക്രിമറ്റോറിയം ഫീസ് രജിസ്റ്റർ

3.4 ജനനമരണ രജിസ്റ്റർ

3.5 ഉടമസ്ഥാവകാശം കൈമാറ്റം രജിസ്റ്റർ

3.6 പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ രജിസ്റ്റർ

3.7 വിവാഹ രജിസ്ട്രേഷൻ രജിസ്റ്റർ

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2019-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ | 350410102-Advance collection of revenues- | 900 |

| | | | |
|---|---|---|---|
| | നികുതി | Profession tax/inst/trade/prof | |
| 2 | ഡി&ഒ | 350410301- Advance collection of revenues- Licence fees for dangerous and offensive trades | 39600 |

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം& എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18) | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101- Prior period income – Property tax on residential buildings | 184668 |
| 280100104 – Prior period income-Property tax on non residential buildings | 83921 |
| 280200401 – Prior period income- Other income | (72190) |
| 280800201- Prior period- Administrative expenses | 9000 |
| 280800401- Prior period- Interest and Finance Charges | (172921) |
| 280800701- Prior period- Miscellaneous Expenses | 13160 |

6. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

8. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4723244 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4851814 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 286159 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ വർക് ഷീറ്റ് പരിശോധിച്ചതിൽ 2018-19 രണ്ടാം അർദ്ധവർഷത്തിൽ ആർജ്ജിച്ച ആസ്തികളുടെ ഡിപ്രീസിയേഷൻ മാത്രമാണ് കണക്കാക്കിയിരിക്കുന്നത് എന്ന് കാണുന്നു.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം നിക്ഷേപം ഇല്ല. എന്നാൽ B-17 ഷെഡ്യൂളിൽ തൃശ്ശൂർ കോഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ (ഫിക്സഡ് ഡെപ്പോസിറ്റ്) എന്ന പേരിൽ 5000 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഡെപ്പോസിറ്റ് രശീതികൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇൻവെസ്റ്റുമെന്റുകൾ അതിന്റെ ശരിയായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതും ഭൗതിക പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

11. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ്ങ് സ്റ്റോക്ക് ഇല്ല. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി ക്ലോസിങ്ങ് സ്റ്റോക്ക് ഇല്ലെന്ന സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.

12. ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 31.03.2019-ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B- |
|---|---|---|

| | | |
|---|---|---|
| | 31/03/2019-ലെ നീക്കിയിരിപ്പ് | 7/B-12/B-18-B-11/B-14/B-5 പ്രകാരം 31/03/2019-ലെ നീക്കിയിരിപ്പ് |
| Other deposits | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 278074 |
| Auction deposits | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 3800 |
| Deposits received from others | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 90750 |
| Secured loans-loan from KURDFC | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 20436150 |
| Advance to implementing agencies- Deposit with Kerala Water Authority | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 4000 |
| Advance to other Authorised agencies | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 3155975 |
| Advance to implementing officers | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 190000 |
| Advance to others | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 651250 |

13.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/19-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/19-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200322 | Grants, Funds&Contributions for specific purposes | 600000 | 450210101 | SBI, പുന്നയൂർക്കുളം | 385582 |
| 2 | 320300102 | Grants, Funds & Contributions for specific purposes-jalanidhi | 1226656 | 450410104 | SBI, (Jalanidhi) | 1292863 |
| 3 | 320700104 | Contributions for joint venture projects | 3706100 | 450650109 | Try special TSB | 6075889 |
| | 320700105 | Contributions for joint venture projects | 200000 | | | |
| | 320700204 | Contributions for joint venture projects | 757018 | | | |
| | 320700205 | Contributions for joint venture projects | 1265501 | | | |

| | | | | |
|---|---|---|---|---|
| | 320700405 | Contributions for joint venture projects | 110000 | |
| | 320200399 | Grants, Funds & Contributions for specific purposes | 40100 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതിയിട്ടില്ല. |
| | 320300199 | Grants, Funds & Contributions for specific purposes-other Govt. agencies | 2392864 | |
| | 320800101 | Beneficiary contribution | 359495 | |
| | 320800299 | Donations to flood | 30467 | |

14. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450630101 | പുന്നയൂർക്കുളം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് (എം.എൻ. ലക്ഷം വീട്) | 87006 |

15. 31/03/2019-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരം capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1766180 രൂപയാണ്. എന്നാൽ ഈ തുകയിൽ അന്തിമ ബിൽ പ്രകാരം നൽകിയ തുകയും ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയ തുകയും ഉൾപ്പെടുന്നുണ്ട്.

16. വായ്പ ഇനത്തിൽ തൻവർഷം 20436150 രൂപ വരവുണ്ട്. ആയതിൽ തിരിച്ചടവ് ഒന്നും നടത്തിയിട്ടില്ല. 31/03/2019-ൽ രൂപ 20436150 തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

17. കാഷ് ബുക്ക് സമ്മറി, ബാങ്ക് ബുക്ക്, റീകൺസീലിയേഷൻ പത്രികകൾ എന്നിവ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

18. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പഞ്ചായത്ത് ഫണ്ട് ട്രഷറി, പോസ്റ്റ് ഓഫീസ്, സഹകരണ ബാങ്ക്, ദേശസാൽകൃത ബാങ്ക് എന്നിവിടങ്ങളിൽ സൂക്ഷിക്കണം. ഇതിന് വിരുദ്ധമായി ഷെഡ്യൂൾഡ് ബാങ്കിൽ തൻവർഷം പുതിയ രണ്ട് അക്കൗണ്ടുകൾ ആരംഭിക്കുകയും പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അക്കൗണ്ട് തുടങ്ങുന്നതിന് പിൻബലമായ ഉത്തരവുകളും ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബാങ്കിന്റെ പേര് | 31.03.2019-ലെ നീക്കിയിരിപ്പ് |
|---|---|---|
| ലൈഫ് | കാത്തലിക്ക് സിറിയൻ ബാങ്ക് | 22954 |
| Grants, Funds&Contributions for specific purposes-other central govt. Grants- Other grants | സൗത്ത് ഇന്ത്യൻ ബാങ്ക് | 403285 |

# 1-12 പെർമിറ്റ് ,നമ്പറിങ്ങ് നടപടിക്രമങ്ങൾ ശരിയായി പാലിക്കുന്നില്ല- പെർമിറ്റ് അനുവദിക്കുന്നതിലും വസ്തു നികുതി നിർണ്ണയിക്കുന്നതിലും അപാകതകൾ സംഭവിക്കുന്നു

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് സർക്കുലർ നം 12900/ആർ.എ.1/2015/തസ്വഭവ. തീയതി. 02.12.2015- ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ പെർമിറ്റ്, നമ്പറിംഗ് എന്നിവ അനുവദിച്ചതിനോടനുബന്ധിച്ച് അപാകതകൾ കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) സർക്കുലറിലെ 6-ാം നംപർ വ്യവസ്ഥ പ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ കെട്ടിടത്തിന്റെ വിനിയോഗം, എഫ് എ ആർ, സ്ഥലത്തിന്റെ തരം, സർവ്വേ നം .പാർക്കിംഗ് സൗകര്യങ്ങൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ മറ്റ് വിശദാംശങ്ങൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. വ്യവസ്ഥ 7 പ്രകാരം സെക്ഷൻ ക്ലർക്കിന്റെ നോട്ടിൽ നിർമ്മാണാവകാശം, ഈടാക്കാവുന്ന പെർമിറ്റ് ഫീസ് എന്നിവ സംബന്ധിച്ച പരാമർശങ്ങളും ഉണ്ടാകേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ കെട്ടിടനിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിനോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്

<u>പെർമിറ്റ് നം . എ2-ബി എ(99008)/2018 തീ-11.04.18</u>

അബൂബക്കർ എന്നയാൾക്ക് 259.85ച.മീ തറവിസ്തീർണത്തിൽ വാസഗൃഹം നിർമ്മിക്കുന്നതിനായി പെർമിറ്റ് അനുവദിച്ചു.

ഫയലിൽ ഉള്ള നോട്ട്, കൈവശ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ടി ഭൂമി നഞ്ച ഭൂമിയാണ് . ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുമുണ്ട് (നഞ്ച – 30 വർഷമായി തെങ്ങും നീർച്ചാലുകളും അടങ്ങിയ ഭാഗികമായി നികത്തപ്പെട്ട ഭൂമി ). ഇത്തരത്തിൽപ്പെട്ട ഭൂമികളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനു മുൻപ് 2018ലെ കേരള നെൽവയൽ തണ്ണീർത്തട ഭേദഗതി ഓർഡിനൻസ് (നം.26798/ലെഗ് ബി2/2017/ നിയമം/18.02.2018) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതല്ലാതെ മറ്റ് ഭൂമി അപേക്ഷകന്റ പേരിലില്ല എന്ന സാക്ഷ്യപത്രം ഇല്ല. കൂടാതെ മുൻപ് വീട്ടുള്ളതായി പറയുന്നവെങ്കിലും ആയത് നിയമാനുസൃത നമ്പർ ഉള്ളതാണെന്ന തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല (ഓവർസിയറുടെ നോട്ട് പ്രകാരം മുൻപുണ്ടായിരുന്ന കെട്ടിടത്തിന്റെ നമ്പർ, വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നവെങ്കിലും ആയത് ലഭ്യമാക്കിയില്ല). മേൽ രേഖകളും, തണ്ണീർത്തട ഭേദ ഗതി ഓർഡിനൻസ് പ്രകാരമുള്ള ജില്ലാതല അധികൃത സമിതിയുടേയോ, കളക്ടറുടേയോ അനുമതിയും ഇല്ലാതെ ടി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു. ആയത് ക്രമത്തിലല്ല. ഇപ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതെന്തു കൊണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്.

<u>പെർമിറ്റ് നം . എ2-ബി എ(266065)/2018 തീ-07.11.18</u>

സ്പെഷൽ റസിഡൻഷ്യൽ ഇനത്തിൽ 189.32 ച.മീ തറ വിസ്തീർണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനായി അണ്ടാളത്ത് അബ്ദുൾ നവാസ് & മംഗലത്ത് അബ്ദുൾ കബീർ എന്നവർക്ക് അനുമതി നൽകി. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 ഷെഡ്യൂൾ II പ്രകാരം ഗ്രൂപ്പ് എ1 ഒക്യൂപ്പൻസിയിലല്ലാത്ത കെട്ടിടങ്ങൾക്ക് 5 രൂപ/ ച.മീ എന്ന നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത് . ആയതു പ്രകാരം ഈ പെർമിറ്റിനോടനുബന്ധിച്ച് ഓൺലൈൻ അപേക്ഷയിൽ 920 രൂപ പെർമിറ്റ് ഫീ കണക്കാക്കിയിരുന്നവെങ്കിലും നോട്ട് പ്രകാരം 552 രൂപ മാത്രം കണക്കാക്കുകയും ഈടാക്കുകയും ചെയ്തു. ഇപ്രകാരം കുറവു തുക കണക്കാക്കിയതിന് വിശദീകരണമൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 368 രൂപയുടെ നഷ്ടം ഈ ഇനത്തിൽ സംഭവിച്ചിട്ടുണ്ട് . ആയത് ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>പെർമിറ്റ് നം . എ2-ബി എ(217707)/2018 തീ-13.12.18</u>

കതിയാരകത്ത് മാനത്ത് പറമ്പത്ത് അയിഷ എന്നവർക്ക് നിലവിലുള്ള കെട്ടിടത്തിനോടു ചേർന്ന് കൂട്ടിച്ചേർക്കലിന് (173.13 ച.മീ) അനുമതി നൽകി. പെർമിറ്റ് പ്രകാരം നിലവിലുള്ള കെട്ടിടം റസിഡൻഷ്യൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സർവ്വീസ് പ്ലാനിൽ Existing Shop building എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് . നിലവിലുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കെട്ടിടം പരിശോധന നടത്തി വാണിജ്യാവശ്യത്തിനുള്ളതാണെങ്കിൽ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) സർക്കുലർ (വ്യവസ്ഥ 18) പ്രകാരം അനുവദിക്കപ്പെട്ട പെർമിറ്റ് യഥാസമയം പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. വ്യതിയാനങ്ങളുള്ള പക്ഷം ക്രമവത്കരണ നടപടി ക്രമങ്ങൾ ശരിയായ രീതിയിൽ പാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. വ്യവസ്ഥ 21 പ്രകാരം കംപ്ലീഷൻ പ്ലാനുകളും കംപ്ലീഷൻ സർട്ടിഫിക്കറ്റുകളും ലഭിക്കുന്ന മുറക്ക് നിർമ്മാണം പരിശോധിച്ച് സെക്രട്ടറി ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ്, കെട്ടിട നംപർ മുതലായവ അനുവദിക്കേണ്ടതുമാണ്. മേൽ നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

<u>കെട്ടിടനിർമ്മാണങ്ങളുടെ ക്രമവത്കരണം- രാജിയാക്കൽ ഫീസ് ഈടാക്കിയതു സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലുകളില്ല</u>

താഴെ പറയുന്ന കെട്ടിടനിർമ്മാണങ്ങൾ ക്രമവത്കരിച്ചതിനോടനുബന്ധിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137(4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയതായി ഫയലിൽ രേഖപ്പടുത്തിയിട്ടില്ല. ക്രമവത്കരണ ഉത്തരവുകളും ഫയലിൽ ഇല്ല. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| കെട്ടിട നംപർ | ഉടമയുടെ പേര് | പെർമിറ്റ് നംപർ/ തീയതി/ വിനിയോഗം | പെർമിറ്റു നൽകിയ ഏരിയ (ച.മീ) | പൂർത്തീകരിച്ച ഏരിയ (ച.മീ) | വ്യതിയാനം (ച.മീ) |
|---|---|---|---|---|---|
| XII/166B | കബീർ | 118/2015, 02.12.2015 | 161.93 | 245.50 | 83.57 |

| | | | | | |
|---|---|---|---|---|---|
| | | വാസ ഗൃഹം | | | |
| XVIII/140A | ഷമീർ | 168/2016-17 /14.02.2017 വാസ ഗൃഹം | 144.41 | 152.97 | 8.56 |
| VII/379 ബി മുതൽ ഐ വരെ | ബഷീർ & സമീർ | 102/2015/ 25.10.16 ക്വാർട്ടേഴ്സ് | 423.09 | 430.08 | 6.99 |

<u>പെർമിറ്റ് യഥാസമയം പുതുക്കിയിട്ടില്ല</u>

കുഞ്ഞഹമ്മദ്, കദീജ, ഉസ്മാൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നം XIV/247(1)-2018-19 ലാണ് പൂർത്തീകരിച്ചത് [പൂർത്തീകരിച്ച ഏരിയ, അനുബന്ധ ഫയൽ പരിശോധിച്ചതിൽ നിന്നും ഇവരുടെ പെർമിറ്റ് കാലാവധി കഴിഞ്ഞതായി വ്യക്തമാണ് (പെർമിറ്റ് നം. എ4-03/2013-14 തീ.15.11.2013)-കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം17-1 പ്രകാരം പെർമിറ്റ് കാലാവധി 3 വർഷം ]. ചട്ടം 17-5 പ്രകാരം പെർമിറ്റ് പുതുക്കാതെ നമ്പർ അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

<u>വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ</u>

i) താഴെ പറയുന്ന കെട്ടിടങ്ങളുടെ പൂർത്തീകരിച്ച ഏരിയ മുഴുവൻ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.

| കെട്ടിട നം | ഉടമ | പൂർത്തീകരിച്ച ഏരിയ | നികുതി നിർണ്ണയിച്ച ഏരിയ | നികുതി നിർണ്ണയിക്കാത്ത ഏരിയ |
|---|---|---|---|---|
| 6/574 എ,ബി,സി | നാലകത്ത് സറഫുദ്ധീൻ ,ഇചാണത്തേൽ ഷെക്കീർ | 179.34 ച.മീ വാണിജ്യം | 574/B-21.98<br>574/C-50.93<br>574/A-83.35<br>ആകെ-156.26 ച.മീ | 23.08.ച.മീ |
| 7/379 ബി മുതൽ ഐ വരെ | പതിയാന വളപ്പിൽ ബഷീർ& & സമീർ | 430.08 ച.മീ ക്വാർട്ടേഴ്സ് | 379/B-52.94<br>379/C-59.13<br>379/D-60.48<br>379/E-52.94<br>379/F-59.13<br>379/G-40.28<br>379/H-34.49<br>379/I-15<br>ആകെ-374.39 | 55.69 ച.മീ |

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 243- വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

ii)നാലകത്ത് സറഫുദ്ധീൻ, ഇചാണത്തേൽ ഷെക്കീർ എന്നിവരുടെ ഉടമസ്ഥതയിലുള്ള 6/574 എ,ബി,സി -നമ്പറുകളിലുള്ള കെട്ടിടം ഒരു കെട്ടിടത്തിന്റെ ഒന്നാം നിലയാണ്. ആയത് ഒരു മാർബിൾ ഷോപ്പാണെന്ന് കെട്ടിട ഉടമകളുടെ അപേക്ഷയിൽ നിന്നും വ്യക്തമാണ്. കെട്ടിടത്തിന്റെ തറ വിസ്തീർണം179.34 ച.മീ ആയതിനാൽ 27.09.2011 ലെ പഞ്ചായത്തു കമ്മിറ്റി തീരുമാനം 7(1) പ്രകാരം 60/ച.മീ

നിരക്കിലാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ഇവിടെ ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിനെ 3 വിഭാഗങ്ങളാക്കി വെവ്വേറെ നമ്പർ നൽകുകയും, കുറഞ്ഞ നിരക്കിൽ (40 രൂപ /ച.മീ) നികുതി നിർണ്ണയിക്കുകയും ചെയ്തു. ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ചതിനാൽ ചതുരശ്രമീറ്ററിന് 20 രൂപ പ്രകാരം ആകെ 3587 രൂപ അടിസ്ഥാന വസ്തു നികുതി ഇനത്തിൽ കുറവു വന്നിട്ടുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

സി) ഇതുകൂടാതെ താഴെ പറയുന്ന നടപടി ക്രമങ്ങളൊന്നും തന്നെ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

1.ക്രമവത്കരണത്തിനുള്ള അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ പൂർണ്ണമായും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

2. നോട്ട് ഫയലും കറസ്പോണ്ടൻസ് ഫയലും പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ഫയലിലെ രേഖകൾ ക്രമമായി ഫയൽ നംപർ, പേജ് നം. എന്നിവ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.ഫയലിലെ കുറിപ്പുകളുടെ/സാക്ഷ്യപ്പെടുത്തലുകളുടെ താഴെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നംപർ എന്നിവ പലപ്പോഴും രേഖപ്പെടുത്തുന്നില്ല.

4.പെർമിറ്റിനോടനുബന്ധിച്ച് ലഭിച്ച മുൻകൂർ അനുമതികളുടെ വിശദാംശങ്ങൾ പെർമിറ്റിൽ രേഖപ്പെടുത്തുന്നില്ല.

5.ക്രമവത്കരണ ഫയലുകളോടൊപ്പം ക്രമവത്കകരണ ഉത്തരവുകൾ പലപ്പോഴും സൂക്ഷിച്ചിട്ടില്ല.

6.ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് പലപ്പോഴും നമ്പറിങ്ങ് ഫയലുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല.

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് മേൽ സർക്കുലറിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം18,19,20 തീയതി.13.07.20)

# 1-13 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് യുഎ നംപർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ല

I) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1),(2) എന്നിവ പ്രകാരം യു എ നംപർ നൽകി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 എഎ വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ പെർമിറ്റ്, നമ്പറിങ്ങ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കെട്ടിടങ്ങൾ നിയമാനുസൃതമല്ലാതിരുന്നിട്ടും ആയതിന് യു എ നംപർ നൽകുകയോ, വസ്തു നികുതി (നിയമാനുസൃത വസ്തു നികുതി+രണ്ടിരട്ടി) നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1) കെട്ടിട നം .13/149 എ -ഗ്രീൻ ലാന്റ് ഏജൻസി

കെട്ടിട ഉടമ – സുബൈർ മുണ്ടക്കത്ത്

ടി കെട്ടിടത്തിന് ബി2-ബിഎ(1214447)/18തീ.22.01.18 പ്രകാരം (തറ വിസ്തീർണം- 931.21 ച.മീ) പെർമിറ്റ് അനുവദിച്ചു. 11.9.18 ന് പണി പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് ഗ്രൂപ്പ് ഡി ഉപയോഗക്രമത്തിൽ ഒക്യുപ്പൻസി അനുവദിച്ചു. എന്നാൽ കെ .ശ്രീജിത്ത് എന്നവർ 28.11.2018 ന് നൽകിയ പരാതിയെ തുടർന്ന് ടൗൺപ്ലാനർ നൽകിയ സി1/2966/18 തീ.16.03.2019 പ്രകാരം അംഗീകൃത പ്ലാൻ പ്രകാരവും, കെട്ടിടത്തിൽ നടത്തിയിരിക്കുന്ന കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും മൂലവും സംഭവിച്ചിട്ടുള്ള ചട്ടലംഘനങ്ങൾ പഞ്ചായത്തിനെ അറിയിക്കുകയും നിയമ ലംഘനങ്ങൾ നിയമാനുസൃതമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അസിസ്റ്റന്റ് എഞ്ചിനീയർ, എൽഎസ്ജിഡി, പുന്നയൂർക്കുളം 8/2/19നു നൽകിയ റിപ്പോർട്ട് പ്രകാരം ഒക്യുപ്പൻസി ലഭ്യമായതിനു ശേഷം KPBR ചട്ടം 57(2) നു വിരുദ്ധമായി കൂട്ടിച്ചേർക്കലുകൾ നടത്തിയതായും കെട്ടിടത്തിന്റെ ഏരിയയിലും കവറേജിലും അളവ് അധികരിച്ചതായും പറയുന്നു. ഒക്യൂപ്പൻസി നൽകിയതിനു ശേഷമുള്ള കെട്ടിട നിർമ്മാണങ്ങൾ പൊളിച്ച കളയുന്നതിന് ഉടമസ്ഥന് 11/2/19 ന് കത്തു നൽകിയിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണം പൊളിച്ചു കളഞ്ഞിട്ടില്ല. എന്നിട്ടും കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1),(2), കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 എഎ വകുപ്പ് (1) ാം ഉപവകുപ്പ്, 235W വകുപ്പ് എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. അധിക കവറേജിനും അധിക ഏരിയക്കും ആനുപാതികമായി ഫീസും, നികുതിയും ഈടാക്കേണ്ടതാണ്.

2) പവീസ് റിസോർട്ട് പെരിയമ്പലം

കെട്ടിട ഉടമ -പവിത്രൻ

ടി റിസോർട്ടിന്റെ 4 കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്നും 16/257 എ, ബി, സി, ഡി എന്നിങ്ങനെ നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. തുടർന്ന് പണിത 11 കുടിലുകളും യോഗ സെന്ററും CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിനാൽ പൊളിച്ചു കളയുന്നതിന് 16.02.2018 ൽ ബി2-2463/13 നമ്പർ കത്ത് പ്രകാരം കത്തുനൽകിയിരുന്നു. എന്നാൽ ആയത് പൊളിച്ചു കളഞ്ഞതായി രേഖകളില്ല. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ RB2/407/2019/LSGD തീ.02.06.20 കത്ത് പ്രകാരവും പ്രസ്തുത പ്ലോട്ടിലെ 11 നിർമ്മാണങ്ങൾ CRZ വ്യവസ്ഥകൾ ലംഘിക്കുന്നതിനാൽ KPBR ചട്ടം 20 പ്രകാരം തുടർ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട് . നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

II) പഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. തദ്ദേശ സ്വയം ഭരണ (ആർ എ) വകുപ്പ് നം 29342/ആർ എ1/2014/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.21 തീയതി.13.07.20)

# 1-14 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ലൈസൻസ് അനുവദിച്ചപ്പോൾ ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജി.ഒ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മുൻപുണ്ടായിരുന്ന പട്ടിക2 ഒഴിവാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ 12.03.2018 ലെ 8/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഓരോ സംരംഭങ്ങൾക്കും ബാധകമായ ലൈസൻസ് ഫീസ് താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നംപർ | സംരംഭത്തിന്റെ തരം | ലൈസൻസ് ഫീസ് |
|---|---|---|
| 1. | മൈക്രോ എൻറർപ്രൈസസ് | 500 |
| 2. | മിനി എൻറർപ്രൈസസ് | 1000 |
| 3 | സ്മാൾ എൻറർപ്രൈസസ് | 5000 |
| 4 | മീഡിയം എൻറർപ്രൈസസ് | 10000 |
| 5 | ലാർജ്ജ് എൻറർപ്രൈസസ് | 15000 |

1) എന്നാൽ ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് നിശ്ചയിക്കപ്പെട്ട നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിലാണ്. മേൽ കമ്മിറ്റി തീരുമാന പ്രകാരം ഏറ്റവും കുറഞ്ഞ ഫീസ് 500 രൂപയാണെന്നിരിക്കേ 100 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| കെട്ടിട നം | ഉടമ/ സ്ഥാപനം | അപേക്ഷ പ്രകാരം മൂലധനം | പഞ്ചായത്ത കമ്മിറ്റി തീരുമാനപ്രകാരം ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| XI/44 | എം.സി ബാലൻ<br>ദേവാസുര ഇൻ | 2.1 കോടി | 10000 | 2000 |
| XII/256 | ഡോ.രാജേഷ് കൃഷ്ണൻ<br>ശാന്തി നഴ്സിങ്ങ് ഹോം | 36224358 | 10000 | 5000 |
| | ജോഷി | 100000 | 500 | 100 |

| | | | | |
|---|---|---|---|---|
| XIV/568 | തോമസ് / ജിയോ സൈക്കിൾ സ്റ്റോർസ് | | | |
| VIII/146 | സാബു .കെ എ/ സ്മാർട്ട് ഏജൻസീസ് ആൽത്തറ | 200000 | 500 | 100 |

2018-19 വർഷം 386 സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതിൽ ഏകദേശം അൻപതോളം സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് മേൽ കമ്മിറ്റി തീരുമാനപ്രകാരം നിശ്ചയിക്കപ്പെട്ട നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം നിശ്ചയിച്ച നിരക്കിൽ ഫീസ് ചുമത്തേണ്ടതും, കുടിശ്ശിക കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ഈടാക്കേണ്ടതുമാണ്.

2) അപേക്ഷയോടൊപ്പം പല സ്ഥാപനങ്ങളും സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഇവരുടെ മൂലധന നിക്ഷേപം, ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിക്കുന്നില്ല.
ഉദാഹരണങ്ങൾ- VII/123A-അമൽ ഹെൽത്ത് കെയർ, XVI/257 -A,B,C,D പവീസ് റിസോർട്ട് മുതലായവ.

3) പല അപേക്ഷകളോടൊപ്പവും ആവശ്യമായ അനുമതികൾ , നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ഇല്ല.
ഉദാഹരണങ്ങൾ- i) നാട്ടുരുചി ഫ്ലവർമിൽ -20HP യന്ത്ര സാമഗ്രികൾ - മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി,
ii)അമൽ അസോസിയേറ്റ്സ്, മൊയ്തു ഹാജി & റഹിമാൻ പെട്രോൾ പമ്പുകൾ-മലിനീകരണ നിയന്ത്രണ ബോർഡ്, ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്

ആവശ്യമായ അനുമതികൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്. ലൈസൻസ് അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.35/14.07.2020)

# 1-15 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204-ii (എ)( i )വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്നവരും ബിസിനസ് നടത്തുന്നവരും ആയ എല്ലാവരും ആ അർദ്ധവർഷത്തെ വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി അടവാക്കുവാൻ ബാദ്ധ്യസ്ഥരാണ് . എന്നാൽ താഴെ പറയുന്ന ജീവനക്കാർ ഇപ്രകാരം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ജീവനക്കാരന്റെ പേര് | ജോലി ചെയ്യുന്ന സ്ഥാപനം | കാലയളവ് / ദിവസം |
|---|---|---|
| സതീഷ് കുമാർ | ജി.എം.എൽ.പി.എസ് കുപ്രവള്ളി | 1.4.18-6.6.18/ 67 |
| രാജൻ ഡേവിഡ് | എസ് ബി ഐ , പുന്നയൂർക്കുളം | 10.07.18-30.9.18/ 82 |
| അനുപം ലക്ഷ്മി .കെ.എ | „ | 1.4.18-30.06.18/ 91 |
| ബിന്ദു ബാബു | „ | 20.07.18-30.9.18/ 72 |
| പ്രിയ.കെ.ടി | „ | 05.07.18-30.9.18/ |

| | | |
|---|---|---|
| | | 87 |
| ബിനുകാന്ത് .കെ.എം | ,, | 09.07.18-<br>30.9.18/<br>83 |
| ജസീല .ടി.എം | അമൽ ഹെൽത്ത് കെയർ | 1.4.18-<br>31.08.18/<br>153 |

മേൽ ജീവനക്കാർ തുടർന്ന് ജോലി ചെയ്ത തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മേൽ കാലയളവു കൂടി പരിഗണിച്ച് തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം വരുമാനത്തിനനുസൃതമായി ഗ്രാമ പഞ്ചായത്തു പ്രദേശത്ത് ജോലി ചെയ്ത കാലയളവിനനുസൃതമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
2) കെ എസ് എഫ് ഇ , കെ എസ് ഇ ബി, ബി എസ് എൻ എൽ, എന്നീ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.23/13.07.20)

# 1-16 മാനുവൽ രശീതി പുസ്തകങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും 2018-19, 2019-20, 2020-21(ഓഡിറ്റ് തീയതി വരെയുള്ളത്) സാമ്പത്തിക വർഷങ്ങളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തതായ താഴെ പറയുന്ന മാനുവൽ രശീതി പുസ്തകങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത രശീതി പുസ്തകങ്ങൾ പ്രകാരമുള്ള വരവ്, അവയുടെ ഒടുക്ക് എന്നിവയുടെ കൃത്യത ഓഡിറ്റ് വേളയിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| നംപർ | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|
| 29059 | ദീപക് ,വിഇഒ |
| 49063 | AE,LSGD |
| 49067 | ഐസിഡിഎസ് സൂപ്പർവൈസർ |
| 6203 | സുമ വിഇഒ |
| 6209 | കൃഷി ഓഫീസർ |
| 6210 | ,, |

(ഓഡിറ്റ് എൻക്വയറി നം.34/14.07.2020)

# 1-17 ടെണ്ടർ ഫോറത്തിന്റെ വില-പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത തുകയും, മുൻ വർഷങ്ങളിലെ അർഹമായ തുക ഇപ്രകാരം ഇനിയും ലഭിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

# 1-18 കളക്ഷൻ ചാർജ് -ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം(സെൻട്രൽ നിയമം) വകുപ്പുകൾ 3(1),(2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷം, (2018-2019)-

ൽ, ഗ്രാമപഞ്ചായത്ത് ഇപ്രകാരം ബോർഡിലേക്ക് അടവാക്കിയ തുകയിൽ നിന്നും ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. കളക്ഷൻ ചാർജ് ഈടാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-19 സ്ട്രീറ്റ് ലൈറ്റ് സേവനം-- സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21800119/11.05.18 | 58553 |
| 21800139/01.06.18 | 56249 |
| 21800251/07.07.18 | 59147 |
| 21800346/08.08.18 | 63329 |
| 21800427/11.09.18 | 58255 |
| 21800536/25.10.18 | 62697 |
| 21800600/22.11.18 | 63418 |
| 21800632/30.11.18 | 69593 |
| 21800783/31.12.18 | 62912 |
| 21800894/02.02.19 | 72696 |
| 21800994/02.03.19 | 60375 |
| ആകെ | 687224 |

ഇതിനു പുറമേ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ആവശ്യത്തിനായി പ്രോജക്ട് തയ്യാറാക്കി തൻവർഷം 401500 രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018-19ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 41 ലക്ഷത്തോളം രൂപയാണ്. അതായത്, വസ്തുനികുതി ഇനത്തിലെ ആകെ പിരിവിന്റെ 25% ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റിന്റെ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

# 1-20 പൊതുടാപ്പ് സേവനം--സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും വാട്ടർചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക വാട്ടർഅതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21800049/26.04.18 | 41125 |
| 21800190/27.06.18 | 41125 |
| 21800302/30.07.18 | 41125 |
| 21800395/30.08.18 | 41125 |
| 21800470/28.09.18 | 41125 |
| 21800537/25.10.18 | 41125 |
| 21800626/29.11.18 | 31938 |
| 21800761/22.12.18 | 31988 |
| 21800872/31.01.19 | 31938 |
| 21800956/28.02.19 | 31938 |
| 21801143/22.03.19 | 31938 |
| ആകെ | 406490 |

ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. 2018-19ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 41 ലക്ഷത്തോളം രൂപയാണ്. ഈ പിരിവിന്റെ 25% ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേയാണ് ഏകദേശം 10% തുക (41 ലക്ഷത്തിന്റെ) വാട്ടർ ചാർജ്ജ് സേവന ഇനത്തിലും ചെലവഴിച്ചിട്ടുള്ളത്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് പൊതുടാപ്പ്സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പൊതുടാപ്പ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

# 1-21 ടെക്നിക്കൽ അസിസ്റ്റന്റിന് കണക്കിലുള്ളതിൽ കൂടുതൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു

കേരളാ സർവ്വീസ് റൂൾസ് അനുബന്ധം VIII ഖണ്ഡിക 1 പ്രകാരം, പരിമിത കാലയളവിലേയ്ക്ക് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഒരു വർഷം ആർജ്ജിക്കാവുന്ന പരമാവധി ആർജ്ജിതാവധി 15 ദിവസം ആണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 05.01.18 ലെ ത.സ്വ.ഭ.വ-ഐ.ബി 1/344/2016/ത.സ്വ.ഭ.വ കത്തിലും വ്യക്തമാക്കിയിട്ടുള്ളതാണ്.

ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ആയ ശ്രീമതി. ജിപ്സാ ജേക്കബിന് 2018-19 സാമ്പത്തിക വർഷം 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് പണമാക്കി നൽകിയിട്ടുണ്ട്. 23.03.19 ലെ 21801150 നംപർ വൗച്ചർ പ്രകാരം 14,280 രൂപയും അനുവദിച്ച നല്കി.

ശ്രീമതി. ജിപ്സാ ജേക്കബിന്റെ സേവന പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 23.03.15 ൽ സേവനത്തിൽ പ്രവേശിച്ച ടി-യാരിക്ക് താഴെ ചേർക്കും വിധം വിവിധ വർഷങ്ങളിൽ ലീവ് സറണ്ടർ അനുവദിച്ചിട്ടുള്ളതാണ്.

| വർഷം | ആർജ്ജിച്ച ലീവുകൾ | സറണ്ടർ ചെയ്ത ലീവുകൾ | സറണ്ടർ ചെയ്ത ശേഷം ബാക്കി ലീവുകൾ |
|---|---|---|---|
| 2015-16 | 15 | 10 | 5 |
| 2016-17 | 15 | 20 | 0 |
| 2017-18 | 15 | 20 | -5 |
| 2018-19 | 15 | 20 | -10 |
| 2019-20 | 15 | 20 | -15 |

ശ്രീമതി. ജിപ്സാ ജേക്കബിന്, മേൽ വിവരിച്ച പ്രകാരം അർഹതയുള്ളതിൽ കൂടുതൽ ലീവുകൾ സറണ്ടർ ചെയ്ത് നൽകിയത് ക്രമത്തിലല്ല. ലീവ് അക്കൗണ്ട് ക്രമീകരിക്കേണ്ടതും അധികം നൽകിയ സറണ്ടർ ശമ്പളം തിരികെ ഈടാക്കേണ്ടതുമാണ്.

# 1-22 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി തുക കൈമാറിയത്- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

08.06.2015 ലെ സ.ഉ. (എം.എസ്) നം. 188/15/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് കൂടുതൽ നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്കായി യൂണിറ്റിന് കീഴിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളും വർഷം തോറും 10,000 രൂപാ വീതം നീക്കി വെയ്ക്കണം എന്നും പ്രസ്തുത തുക പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ ആവശ്യത്തിനായി ആരംഭിക്കുന്ന ദേശസാൽകൃത ബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണെന്നും ഉത്തരവ് വ്യവസ്ഥപ്പെടുത്തിയിരുന്നു.

ഈ തുക സ്റ്റോർ പർച്ചേയ്സ് മാനുവൽ നിബന്ധനകൾ അനുസരിച്ച് കമ്പ്യൂട്ടർ ഫർണീച്ചർ, ഓഫീസ് സ്റ്റേഷനറി, ഇന്റർനെറ്റ് സംവിധാനം, പ്രതിമാസ നെറ്റ്ചാർജ്ജ് എന്നിവയ്ക്കായി ചെലവ് ചെയ്യാവുന്നതാണ്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾക്ക് നൽകാനും ഉത്തരവ് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് 2018-19 ൽ, വൗച്ചർ നംപർ 21800298/27.07.18 പ്രകാരം 30,000 രൂപ (2016-17 മുതൽ 2018-19 വരെയുള്ള വിഹിതം) പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ നൽകുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-23 S005/19 – പ്ളാൻ മോണിറ്ററിംഗ്-- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ് ചെലവുകൾക്കായാണ് പദ്ധതി നടപ്പാക്കിയത്. 29.1.2018 ലെ സ.ഉ.(കൈ)11/2018 തസ്വഭവ ഖ.8.4 പ്രകാരം ആസൂത്രണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾക്കായി ആകെ വികസനഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക വകയിരുത്തേണ്ടത്. ഗ്രാമപഞ്ചായത്തിന് പദ്ധതി രൂപീകരണത്തിനായി 3ലക്ഷം രൂപ വരെയും(പരമാവധി 2%), നിർവഹണം, മോണിറ്ററിംഗ് എന്നിവക്കായി 1.5ലക്ഷം രൂപ വരെയും (പരമാവധി 1%) വകയിരുത്താവുന്നതാണ്. അപ്രകാരം എല്ലാ വർഷവും പഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്.

2018-19 വർഷം ഇപ്രകാരം 1,36,070 വികസനഫണ്ടും 1,50,000 തനതുഫണ്ടും വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തു. വികസനഫണ്ട് 1,36,070രൂപയും തനതുഫണ്ട് 1,39,188രൂപയും ചെലവഴിച്ചു.

എ) എന്നാൽ, ചെലവ് തുകയിൽ താഴെച്ചേർത്തിരിക്കുന്നവ 2017-18 ലെ പത്രപരസ്യത്തിന് ദേശാഭിമാനി ദിനപ്പത്രത്തിന് നൽകിയതാണ്.

| ട്രഷറി ബിൽ നം | തുക | പത്രത്തിന്റെ ഇൻവോയ്സ് നം | തുക |
|---|---|---|---|
| 9/18-19/13.9.18 (വൗച്ചർ നം.-- 21800681/3.9.18) | 40824 | TCR/10393/ 24.8.17 | 13608 രൂപ |
| | | TCR/15283/ 24.8.17 | 13608 രൂപ |
| | | TCR/19381/ 24.8.17 | 13608 രൂപ |
| വൗച്ചർ നം.-- 21800406/ 3.9.18 (ചെക്ക് നം.-0871366/31.8.18) | 32256 | TCR/10979/ 1.9.17 | 7560 രൂപ |

മതിയായ ഫണ്ട് അലോക്കേഷൻ ഉണ്ടായിരുന്നിട്ടും 2017-18 ലെ തുക അതേ വർഷം നൽകാതിരുന്നതിന് കാരണം വ്യക്തമല്ല. മാത്രമല്ല അതേവർഷം തുക നൽകാതിരുന്നത് മൂലം ഫണ്ട് നഷ്ടപ്പെടുകയും ചെയ്തു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/13.07.2020), 2017-18 വർഷം പദ്ധതിക്കായി പ്ലാൻഫണ്ട് വകയിരുത്തിയില്ല എന്നും ആയതിനാൽ ഫണ്ട് നഷ്ടപ്പെട്ടിട്ടില്ല എന്നുമാണ് പഞ്ചായത്ത് മറുപടി നൽകിയത്. മാത്രമല്ല 2017-18 ൽ വകയിരുത്തിയ 2,00,000രൂപയിൽ 1,99,703 രൂപയും ചെലവഴിച്ചു. പദ്ധതിക്ക് വികസനഫണ്ട് വകയിരുത്താൻ സർക്കാർ ഉത്തരവ് ഉണ്ടെന്നിരിക്കെ മതിയായ ഫണ്ട് വകയിരുത്താതിരുന്നത് ക്രമത്തിലല്ല.

പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ ഈ ആവശ്യത്തിന് അർഹമായ ഫണ്ട് വകയിരുത്തുവാനും, അതാതു വർഷത്തെ ബാധ്യത അതാതു വർഷം തന്നെ തീർക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ബി) അച്ചടി ജോലികൾക്ക് സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ വിവരങ്ങൾ ഇല്ല.

വിവിധ ഫോറങ്ങളും അപേക്ഷകളും അച്ചടിക്കുന്നതിനായി റിസന്റ് ഓഫ് സെറ്റ് പ്രിന്റേഴ്സ്,പഴഞ്ഞി എന്ന സ്ഥാപനത്തിനാണ് തുക നൽകിയിട്ടുള്ളത്. ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, ഭരണസമിതി തീരുമാനം, കരാർ, നിരക്ക് എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തുക നൽകിയ വിവരം

വൗച്ചർ നം.--21800601/26.11.18 -- 38870

21800621/29.11.18–10500

ഈ സ്ഥാപനം ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല.

ബിൽ തുക അനുവദിക്കുമ്പോൾ ഉദ്ഭവത്തിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

തുക കൈപ്പറ്റുന്ന എല്ലാ സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-24 S178/19-- ജി ഐ എസ് മാപ്പിംഗ്(Geographic Information System Mapping)-- പദ്ധതി ലക്ഷ്യം നേടിയില്ല

നിർവഹണഉദ്യോഗസ്ഥൻ--- സെക്രട്ടറി

പഞ്ചായത്തിലെ കെട്ടിടങ്ങൾ റോഡുകൾ, പാലങ്ങൾ, കുളങ്ങൾ, കിണറുകൾ, കൃഷി സ്ഥലങ്ങൾ എന്നിവ മാപ്പ് ചെയ്ത് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.

വൗച്ചർ നം.-- 21800475/29.9.18--- 297000

പഞ്ചായത്ത് ടെണ്ടർ നടപടികൾ സ്വീകരിച്ച് Origin X Technologies,ചാവക്കാട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് പ്രവൃത്തി എൽപിച്ചു.

അപാകതകൾ

1. ഭരണസമിതിയുടെ 26.8.17 ലെ 1(3) തീരുമാനപ്രകാരം ഈ പദ്ധതിക്ക് അപ്രൂവൽ ലഭിക്കുന്നതിന് വേണ്ടി ജില്ലാതല വിദഗ്ധസമിതിക്ക് സമർപ്പിക്കുന്നതിനും, അപ്രൂവൽ ലഭിക്കുന്ന മുറക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി. വിദഗ്ധസമിതിയുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

2. ടെണ്ടർ നോട്ടീസിൽ പഞ്ചായത്ത് എത്ര എരിയക്കുള്ള നിരക്ക് ക്വോട്ട് ചെയ്യണം എന്ന് വിശദമാക്കിയിട്ടില്ല. ടെണ്ടർ സമർപ്പിച്ച 2 സ്ഥാപനങ്ങളും നിരക്ക് രേഖപ്പെടുത്തിയത് അല്ലാതെ എത്ര ഏരിയക്കുള്ള നിരക്കാണ് എന്ന് ചേർത്തിട്ടില്ല. ഈ പദ്ധതി സാമ്പിൾ സ്റ്റഡി ആയാണോ നടപ്പാക്കുന്നത് എന്നും വ്യക്തമാക്കിയിട്ടില്ല.

3. ഭരണസമിതിയുടെ 24.1.18 ലെ 12(4) തീരുമാനപ്രകാരം പദ്ധതിക്കുവേണ്ടി 2 ടെണ്ടറുകൾ ലഭിച്ചത് കമ്മിറ്റി വിശദമായി പരിശോധിച്ചു എന്നും ഒറിജിനക്സ് ചാവക്കാട് എന്ന സ്ഥാപനം ആധുനിക സാങ്കേതികവിദ്യ കൈവശമുള്ളവരും വിവിധ രാജ്യങ്ങളിലെ ഏജൻസികളുമായി യോജിച്ചു പ്രവർത്തിക്കുന്നവരും അതുമൂലം കൃത്യവും സമഗ്രവുമായ ജിഐഎസ് ഡാറ്റാ തയ്യാറാക്കുവാനും കഴിയുന്ന ഏജൻസിയാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു എന്നും ആയതിനാൽ ടി സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഉയർന്നനിരക്കിലുള്ളതാണെങ്കിലും ആയത് അംഗീകരിക്കുന്നതിനും വർക്ക് ഓർഡർ നൽകി പദ്ധതി നടപ്പിലാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. എന്നാൽ അപ്രകാരമുള്ള വിവരങ്ങൾ കമ്പനി ലഭ്യമാക്കിയതായി കാണുന്നില്ല.

4. പഞ്ചായത്തിലെ ശാന്തി ഹോസ്പിറ്റൽ പരിസരം ഉൾപ്പെടുന്ന ഒരു സ്ക്വയർ കി മീ.പ്രദേശമാണ് മാപ്പ് ചെയ്തിട്ടുള്ളത്. ഈ പ്രദേശത്തെ റോഡ് കുളം കെട്ടിടം തുടങ്ങി ആളുകളുടെ വ്യക്തിപരമായ വിവരങ്ങൾ വരെ ശേഖരിച്ച് ഹാർഡ് ഡിസ്കിലാക്കി പഞ്ചായത്തിൽ ഏൽപിച്ചിട്ടുണ്ടെന്ന് എ-5 സെക്ഷൻ(A5-4895/18 തീയതി.27.9.18)റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഹാർഡ് ഡിസ്കിലുള്ള വസ്തുതകൾ കാണണമെങ്കിൽ മറ്റൊരു സോഫ്റ്റ് വെയർ ആവശ്യമാണ് എന്നും ആയത് വൻതുക ചെലവഴിച്ച് വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്നും റിപ്പോർട്ടിലുണ്ട്. ഇത്തരം ടെക്നിക്കൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രോജക്ടിന് പഞ്ചായത്ത് ഏതെങ്കിലും സർക്കാർ ഏജൻസിയുടെ സഹായം തേടിയതായി കാണുന്നില്ല.

ജില്ലാതലസമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (14/13.7.2020) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുമ്പ് നടപ്പാക്കാത്ത പദ്ധതി ആയതിനാൽ ടെണ്ടർ നടപടികളെപ്പറ്റി അറിവുണ്ടായിരുന്നില്ല എന്നും ആവശ്യമായ സോഫ്റ്റ് വെയർ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറക്ക് അടുത്ത വർഷം പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന് യാതൊരു സാങ്കേതികഅറിവും ഇല്ലാതിരുന്നിട്ടും പദ്ധതിയുമായി മുന്നോട്ടുപോകുകയും നടപ്പാക്കുകയുമാണ് ചെയ്തത്. ഏതെങ്കിലും സർക്കാർ ഏജൻസികളിൽ നിന്ന് സാങ്കേതിക സഹായം തേടുന്നതിനും പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടതായി കാണുന്നു.

ഇത്തരം നൂതനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ സർക്കാർ അംഗീകാരത്തോടെ നടപ്പാക്കുന്നുവെന്നും ആവശ്യമായ സാങ്കേതികസഹായം ലഭ്യമാകുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# 1-25 തെരുവുവിളക്ക് പരിപാലനം-- അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)വകുപ്പ് 3ാം പട്ടിക പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ് തെരുവുവിളക്ക് പരിപാലനം.

ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി 2 പദ്ധതികളാണ് 2018-19 ൽ നടപ്പിലാക്കിയത്. രണ്ട് പ്രവൃത്തികളും പരസ്പരപൂരകങ്ങളായി നടപ്പാക്കേണ്ടവയാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1.S010/19—LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

ട്രഷറി ബിൽ നം.- 14/18-19/27.11.18-194000

(വൗച്ചർ നം.-- 21800689/21.11.2018)

ട്രഷറി ബിൽ നം.- 16/18-19/29.11.18-100000

(വൗച്ചർ നം.-- 21801026/27.11.2018)

വൗച്ചർ നം.-- 21800622/29.11.2018-1000

(ചെക്ക് നം.- 75817/28.11.18)

മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ എന്ന സ്ഥാപനം 59 LEDവിളക്കുകൾ (70W)പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക നൽകി. സ്ഥാപനം ക്യാഷ്ബിൽ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

മുൻവർഷങ്ങളിൽ LEDവിളക്കുകൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നം | തുക | സ്ഥാപനം |
|---|---|---|---|
| S143/18--LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 34/28.3.18 | 356400 | 72 എണ്ണം<br>മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ,തൃശ്ശൂർ |
| S215/18--36WLED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 16/25.1.18 | 65340 | 33എണ്ണം<br>എ കെ ഇലക്ട്രിക്കൽസ് |

ഈ വിളക്കുകളുടെ വിവരം കൂടി ഉൾപ്പെടുത്തി തെരുവുവിളക്ക് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയതനുസരിച്ച് റിപ്പയറിനായി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തെരുവുവിളക്കുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (സാധാ)2134/2015തസ്വഭവ തീയതി.15/07/2015 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2.S176/19-- തെരുവുവിളക്ക്,ഹൈമാസ്റ്റ് ലൈറ്റ്,ഹാലോജൻ ലൈറ്റ് പരിപാലനം

വൗച്ചർ നം.-- 21800350/20.8.18-- 137500

വൗച്ചർ നം.-- 21800532/17.10.18-- 137500

വൗച്ചർ നം.-- 21800962/28.2.19-- 99500

വൗച്ചർ നം.-- 21800963/28.2.19-- 27000

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സിംഗിൾ,ഡബിൾ ട്യൂബുകൾ, സിഎഫ് എൽ എന്നിവ റിപ്പയർ ചെയ്തതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

എന്നാൽ പഞ്ചായത്തിൽ എത്ര സിംഗിൾ,ഡബിൾ ട്യൂബുകൾ, സി.എഫ്.എൽ തെരുവുവിളക്കുകൾ ഉണ്ടെന്ന വിവരം ലഭ്യമല്ല. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപൂർണ്ണമായ, ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്താത്ത, ഒരു രജിസ്റ്ററാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ഈ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 36W,24W LED ലൈറ്റുകൾ മാത്രമാണ് ഉള്ളത്. ഇവ മാർച്ച് 2017ന് ഇൻസ്റ്റാൾ ചെയ്ത 2വർഷവാറന്റി ഉള്ളവയാണ്.

2017-18, 2018-19 വർഷങ്ങളിലായി 164 LED ലൈറ്റുകൾ പുതിയതായി വാങ്ങിയിട്ടുണ്ട്. ഇത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇപ്രകാരം കൃത്യമായ വിവരങ്ങൾ ഇല്ലാതെയാണ് വർഷാവർഷം വൻതുക തെരുവുവിളക്ക് റിപ്പയറിനായി ചെലവഴിക്കുന്നത്.

ഓഡിറ്റ് എൻക്വയറിക്ക്(16/13.07.2020) മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. എൽ ഇ ഡി ഒഴികെയുള്ള തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ എസ് ഇ ബി ലഭ്യമാക്കുന്ന കണക്കുകൾ പ്രകാരമാണ് ടെണ്ടർ ക്ഷണിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

അടിസ്ഥാനവിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും ആവർത്തിച്ച് ചെയ്യുന്ന പദ്ധതി ആയതിനാൽ അടിസ്ഥാനവിവരങ്ങളുടെ അഭാവം പദ്ധതിപ്പണത്തിന്റെ ദുർവ്യയത്തിന് കാരണമാകും. കെ എസ് ഇബിയുമായി ചേർന്ന് പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവയിൽ കൃത്യത വരുത്തേണ്ടതാണ്.
ഇപ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി, 20.01.2017 ലെ ജി. ഒ (ആർ.ടി) 166/2017/എൽ.എസ്.ജി.ഡി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിശദമായ ഒരു അസറ്റ് മാനേജ്മെന്റ് പ്ളാൻ(AMP) തയ്യാറാക്കേണ്ടതായുണ്ട്. ആയത് തയ്യാറാക്കിയതായി കാണുന്നില്ല. അതിനാൽ ഇത്തരം പദ്ധതി പ്രവർത്തനം മേൽ ഉത്തരവ് പ്രകാരം പ്രയോഗത്തിൽ വന്ന അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പരിഗണിച്ചാണ് നടപ്പിലാക്കേണ്ടതെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

# 1-26 മാലിന്യസംസ്കരണ പദ്ധതികൾ--- അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)വകുപ്പ് 3ാം പട്ടിക പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ് മാലിന്യസംസ്കരണം .

2018-19 വർഷം മാലിന്യസംസ്കരണത്തിനായി സെക്രട്ടറി 2 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ഇവ പരസ്പരപൂരകങ്ങളായി നടപ്പാക്കേണ്ടവയാണ്. എന്നാൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ അപ്രകാരമല്ല ചെയ്തിട്ടുള്ളത് എന്നു കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1.S168/19—മാലിന്യസംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കൽ

വീടുകളിലും സ്ഥാപനങ്ങളിലുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി വിവിധ സ്ഥലങ്ങളിൽ സംഭരണകേന്ദ്രങ്ങൾ കോസ്റ്റ്ഫോർഡ് സഹായത്തോടെ സ്ഥാപിക്കുന്നതിനാണ് 2016-17 ൽ പദ്ധതി ആവിഷ്കരിച്ചത്.

25 സംഭരണികൾ സ്ഥാപിക്കുന്നതിന് ഒന്നിന് 22000 രൂപ നിരക്കിൽ 550000രൂപയുടെ എസ്റ്റിമേറ്റ് കോസ്റ്റ്ഫോർഡ് ലഭ്യമാക്കിയതനുസരിച്ച് അഡ്വാൻസായി 2016 -17 ൽ 110000 രൂപ (ബിൽ നം.- 42/30.3.17) ഡെപ്പോസിറ്റ് ചെയ്തു. 2017-18 ൽ പ്രവൃത്തി നടന്നില്ല.

2018-19 ൽ 380678 രൂപ ചെലവഴിച്ചു.

ട്രഷറി ബിൽ നം.-- 36/18-19/27.3.19-380678

(വൗച്ചർ നം.-- 21801191/22.3.19)

01.02.2018 ലെ COSTFORD/3046/2017 കത്തുപ്രകാരം MS ഫാബ്രിക്കേറ്റഡ് ബിൻ സ്ഥാപിക്കുന്നതിനാണ് തുക അടവാക്കിയതെന്നും ഇവക്ക് എല്ലാ വർഷവും പെയിന്റിംഗ് പോലെ മെയിന്റനൻസ് നടത്തിയാലെ ദീർഘകാലം നിലനിൽക്കുവെന്നും കോസ്റ്റ്ഫോർഡ് അറിയിച്ചു. ഇപ്പോൾ മെയിന്റനൻസ് വേണ്ടാത്ത ദീർഘകാലം നിലനിൽക്കുന്ന സ്റ്റെയിൻലസ് സ്റ്റീൽ സംഭരണികൾ 12500 രൂപക്ക് ലഭ്യമാണ്. ആയതിനാൽ ഇതേ തുകക്ക് 40 സംഭരണികൾ സപ്ളൈ ചെയ്യാൻ സാധിക്കുമെന്നും ആയത് അനുവദിക്കണമെന്നും കോസ്റ്റ്ഫോർഡ് ആവശ്യപ്പെട്ടു. ഭരണസമിതിയുടെ 20.10.18 ലെ 1(5) തീരുമാനപ്രകാരം ആയത് അംഗീകരിച്ച് സ്കൂൾ പരിസരങ്ങളിൽ ഇവ സ്ഥാപിക്കുവാൻ കോസ്റ്റ്ഫോർഡിന് അനുമതി നൽകി.

15.3.19 ന് കോസ്റ്റ്ഫോർഡ് പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചു. എം. ബുക്ക് 2463 പ്രകാരം 40ബിന്നുകൾ തയ്യാറാക്കിയതായി കാണിച്ചിട്ടുണ്ട്.

ഈ സംഭരണികൾ ഏതൊക്കെ സ്കൂളുകളിൽ എത്ര വീതം സ്ഥാപിച്ചുവെന്നോ, നിലവിൽ ഉപയോഗിക്കുന്നുവെന്നോ കോസ്റ്റ് ഫോർഡോ സ്കൂൾ അധികാരികളോ നിർവഹണഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മാത്രമല്ല സംഭരിച്ച മാലിന്യം സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുമില്ല. നിലവിൽ ഇവ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് മോണിറ്ററിങ്ങ് നടത്തിയതായി രേഖയില്ല.

പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.S112/19-- പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങൽ

ട്രഷറി ബിൽ നം.-- 29/18-19/24.3.19---500000

(വൗച്ചർ നം.-- 21801130/14.3.19)

വൗച്ചർ നം.-- 21801211/29.3.19-482943(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

(ചെക്ക് നം.-- 0597800/29.3.19)

വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പൊടിച്ച് റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്തുക വഴി മാലിന്യപ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നു.

ക്ലീൻ കേരള മിഷന്റെ ഇൻവോയ്സ് പ്രകാരം 15HP ഷ്രെഡിംഗ് മെഷീൻ, 7.5HPബെയ്ലിംഗ് മെഷീൻ, ഇൻസ്റ്റലേഷൻ ചാർജ്, സൂപ്പർവിഷൻ ചാർജ് എന്നിവ അടക്കം 982943 രൂപ നൽകി. എന്നാൽ നാളിതുവരെ മെഷീൻ ലഭ്യമായിട്ടില്ല.

അപാകതകൾ

1.കമ്പനിയുടെ പ്രോജക്ട് റിപ്പോർട്ട്, കരാർ എന്നിവ പ്രകാരം പഞ്ചായത്ത് 3ഫേസ് വൈദ്യുതി കണക്ഷൻ, വാട്ടർ സപ്ലൈ എന്നീ സൗകര്യങ്ങൾ ഉള്ള 1000 സ്ക്വയർഫീറ്റ് കെട്ടിടം ലഭ്യമാക്കേണ്ടതാണ്. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് വൃത്തിയാക്കി ലഭ്യമാക്കേണ്ടതാണ്. മാലിന്യം സംസ്കരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ നിയമിക്കേണ്ടതാണ്. ഷ്രെഡഡ് പ്ലാസ്റ്റിക് മാർക്കറ്റ് ചെയ്യുന്നതിന് കമ്പനിയുമായി കരാർ വക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരം അടിസ്ഥാനപ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

2.പഞ്ചായത്തിന്റെ 01.7.2019 ലെ എ-5-3442/19 കത്തുപ്രകാരം പത്മരുള്ള പൊതുശ്മശാനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ മെഷീൻ സ്ഥാപിക്കണമെന്ന് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കെട്ടിടം മേൽപ്രകാരം കമ്പനി ആവശ്യപ്പെട്ട പ്രകാരമുള്ള സൗകര്യങ്ങൾ ഉള്ളതാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

തുക ഡെപ്പോസിറ്റ് ചെയ്ത് ഒരു വർഷത്തിനു ശേഷവും മെഷീൻ ലഭ്യമാക്കുന്നതിനോ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മാലിന്യം സംഭരിക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തിയതായോ സംഭരണത്തിനും സംസ്കരണത്തിനും കുടുംബശ്രീ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതായോ കാണുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/13.07.2020.), കമ്പനിയുടെ റിപ്പോർട്ട് പ്രാകരമുള്ള കെട്ടിടം പണി പൂർത്തിയായി വരുന്നുവെന്നും പ്രവൃത്തി പൂർത്തിയായാലുടൻ മെഷീൻ സപ്ലൈ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. മാർച്ച് 2019 ന് മെഷീൻ വാങ്ങുന്നതിന് തുക നൽകിയെങ്കിലും ജൂലൈ 2020(ഓഡിറ്റ് സമയം) വരെ കെട്ടിടം പണി പൂർത്തിയാക്കുകയോ മെഷീൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കുടുംബശ്രീ ഹരിത കർമ്മസേനയെ നിയമിച്ചതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

യാതൊരു അടിസ്ഥാനസൗകര്യങ്ങളും ഒരുക്കാതെ സാമ്പത്തികവർഷാവസാനം പദ്ധതി തുക ചെലവഴിക്കുന്നതിൽ മാത്രമായി പദ്ധതി പ്രവർത്തനം ചുരുങ്ങിയിട്ടുള്ളതാണ്. കെട്ടിടം പണി പൂർത്തിയാക്കി എത്രയും വേഗം മെഷീൻ ലഭ്യമാക്കി മാലിന്യസംസ്കരണപ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.
ഇപ്രകാരമുള്ള പദ്ധതിപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി, 20.01.2017 ലെ ജി. ഒ(ആർ.ടി) 166/17/എൽ. എസ്. ജി. ഡി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിശദമായ ഒരു അസറ്റ് മാനേജ്മെന്റ് പ്ളാൻ(AMP) തയ്യാറാക്കേണ്ടതായുണ്ട്. ആയത് തയ്യാറാക്കിയതായി കാണുന്നില്ല. അതിനാൽ ഇത്തരം പദ്ധതിപ്രവർത്തനം മേൽ ഉത്തരവ് പ്രകാരം പ്രയോഗത്തിൽ വന്ന അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പരിഗണിച്ചാണ് നടപ്പിലാക്കേണ്ടതെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

# 1-27 ഡെപ്പോസിറ്റ് പ്രവൃത്തികൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുകയോ മോണിറ്ററിംഗ് നടത്തുകയോ ചെയ്യുന്നില്ല

29.1.18ലെ സർക്കാർ ഉത്തരവ് (കൈ)നം.11/2018 തസ്വഭവ ഖ.11(2)(ഡി)പ്രകാരം KSEB,KWA തുടങ്ങിയ സ്ഥാപനങ്ങളിൽ തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷമേ തുക മുൻകൂർ നൽകാവൂ. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർനടപടികൾ തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

KSEB,KWA തുടങ്ങിയ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാകണമെന്നും ആയത് സ്ഥാപനം മോണിറ്റർ ചെയ്യണമെന്നും സർക്കുലർ നം. ഡി എ 1/881/2018/തസ്വഭവ തീയതി 28/12/18 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന്റെ തുടർനടപടികളെക്കുറിച്ച് സർക്കുലർ നം. ഡി എ 1/17/2019/തസ്വഭവ തീയതി 21/2/19 വ്യക്തമാക്കുന്നുണ്ട്.

സെക്രട്ടറി 2018-19 വർഷം നടപ്പാക്കിയ 2പ്രവൃത്തികളിലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a. S212/19-- പരുർ പാടശേഖരത്തിൽ വൈദ്യുതി ലൈൻ വലിക്കൽ

ട്രഷറി ബിൽ നം.-- 23/18-19/19.3.19-- 2,22,548

(വൗച്ചർ നം.-- 21801115/26.2.19)

പരുർ പാടശേഖരത്തിൽ ജലസേചനത്തിനായി വൈദ്യുതിലൈൻ വലിക്കുന്നതിന് KSEB ൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതാണ് പ്രവൃത്തി.

അപാകതകൾ

1.പാടശേഖരത്തിൽ മോട്ടോർഷെഡ് ഉണ്ടോ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

2.കെഎസ് ഇബി വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. കരാറിൽ നമ്പറോ, തീയതിയോ ഇല്ല.

3.വൈദ്യുതി ലൈൻ വലിക്കുന്നതിനാവശ്യമായ സാങ്കേതികാനുമതി കെഎസ് ഇബി ലഭ്യമാക്കിയതായി കാണുന്നില്ല.

4.2018-19 ൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. എന്നാൽ ഇത് പഞ്ചായത്തിന്റെ 2018-19 വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ(B-18 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടില്ല.

5.DB/21/PKLMGP/19-20/2 തീയതി 22.7.19 പ്രകാരം വിനിയോഗപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫൈനൽബിൽ, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ഇല്ല. നിലവിൽ പാടശേഖരത്തിൽ മോട്ടോർ ലഭ്യമാണോ, വൈദ്യുതി കണക്ഷൻ ലഭ്യമായോ, പാടശേഖരസമിതിയുമായി കരാർ ഉണ്ടോ എന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (13/13.7.2020) നൽകിയ മറുപടിയിൽ പരുർ പാടം കോൾനിലമായതിനാൽ സ്ഥിരം മോട്ടോർഷെഡ് നിർമ്മിക്കുവാൻ സാധ്യമല്ല എന്നും ജലസേചനം ചെയ്യേണ്ട സമയങ്ങളിൽ മോട്ടോർ സ്ഥാപിച്ച് വെള്ളമടിക്കുകയാണ് ചെയ്യുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. മാത്രമല്ല വർഷാവസാനം പദ്ധതി തുക ചെലവാക്കുന്നതിന് വേണ്ടിയാണ് സാങ്കേതികാനുമതി ലഭ്യമാകുന്നതിന് മുമ്പേ തുക അടവാക്കിയത് എന്നും അറിയിച്ചിട്ടുണ്ട്.

b.S177/19-- വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷനും ടാപ്പ് സ്ഥാപിക്കലും

ട്രഷറി ബിൽ നം.-- 28/18-19/15.3.19 – 3,00,000

(വൗച്ചർ നം.-- 21801186/13.3.19)

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കാനും പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ടി 2017-18 ൽ ആരംഭിച്ച പദ്ധതിയാണ്.

2017-18 ൽ വാട്ടർ അതോറിറ്റി കുന്നംകുളം പി എച്ച് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 8,00,000 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി. സാങ്കേതികാനുമതി ലഭ്യമായിരുന്നുമില്ല. എന്നാൽ എസ്റ്റിമേറ്റ് ലഭ്യമാകുന്നതിന് മുമ്പേ തന്നേ 5,00,000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി.

ബിൽ നം.- 40/17-18/31.3.18 പ്രകാരം 5,00,000 രൂപ കരാർ വെയ്ക്കാതെ തന്നെ 2017-18ൽ വാട്ടർ അതോറിറ്റിയിൽ അടവാക്കി.

2018-19 ൽ വാട്ടർ അതോറിറ്റി തൃശ്ശൂർ പി എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 21.7.2018 ലെ എ2-2525/ഇഎസ് ടി/ കെകെഎം/2018 നം.കത്തുപ്രകാരമാണ് അംഗീകരിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കുകയും(800000രൂപ) പഞ്ചായത്തിനോട് തുക അടവാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തത്. 500000രൂപ 2017-18 ൽ അടവാക്കിയതായി പഞ്ചായത്ത് അറിയിക്കുകയും ചെയ്തു. തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 9.11.2018 ലെ എ6-2525/ഇഎസ് ടി/കെകെഎം/2018 നം .കത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് പൈപ്പ് ലൈൻ നീട്ടലും പൊതുടാപ്പ് സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തിക്കുവേണ്ടി 5ലക്ഷം രൂപ അടവാക്കിയതായി കാണുന്നു എന്നും, എന്നാൽ ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിക്കായി തുക അടവാക്കുന്നതിന് കത്തോ എസ്റ്റിമേറ്റോ നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ കത്തിൽ നിന്നും അംഗീകാരം ലഭ്യമാകുന്നതിന് മുമ്പാണ് തുക അടവാക്കിയതെന്ന് വ്യക്തമാണ്.

2017-18 ൽ പദ്ധതിക്കായി വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) ആണ് വകയിരുത്തിയത്. പിന്നീട് 2018-19ൽ പദ്ധതി തയ്യാറാക്കിയപ്പോൾ പദ്ധതിരേഖയിൽ സ്പിൽ ഓവർ ആകുന്നതിനുള്ള കാരണങ്ങൾ ചേർത്തിട്ടുള്ളത് (ഇനം.26) കഴിഞ്ഞവർഷം വകയിരുത്തിയ തുകയേക്കാൾ കൂടുതലാണ് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് എന്നാണ്. ആയതിനാൽ വകയിരുത്തിയ തുകയിൽ നിന്നും കൂടുതലുള്ള 300000രൂപ സ്പിൽ ഓവർ ആകുന്നു. Need change spillover-ആയതിനാൽ തൻവർഷ CFC ബജറ്റിൽ നിന്നും തുക കുറയും എന്നതിനാൽ CFC ക്ക് പകരം ജില്ലാപഞ്ചായത്ത് വിഹിതമാണ് വകയിരുത്തുന്നത് എന്നും ചേർത്തിട്ടുണ്ട്.

വികസനഫണ്ട് വകയിരുത്തി പദ്ധതി അംഗീകാരം ലഭ്യമാക്കുകയും പദ്ധതി നടത്തിപ്പിനായി പിൻവലിക്കുകയും ചെയ്തു. 2018-19 ൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. എന്നാൽ ഇത് പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റിൽ(B-18 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വർഷാവസാനം തുക

ചെലവഴിക്കുന്നതിന് വേണ്ടി ഫണ്ട് മറ്റ് ഏജൻസികളിൽ അടവാക്കുന്നത് ശരിയല്ല. കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കതകുന്ന രീതിയിൽ പദ്ധതിപ്പണം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-28 പ്രൊഡക്ഷൻ ബോണസ് വിതരണം ചെയ്തിട്ടില്ല

തൻവർഷം പഞ്ചായത്തിന് ലഭ്യമായ പ്രൊഡക്ഷൻ ബോണസ് 2,76,500 കർഷകർക്ക് വിതരണം ചെയ്തിട്ടില്ല.

ലഭ്യമായ തുകയുടെ വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം ബിൽ നം.37/26.3.19 നം.ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ആയത് Q ബിൽ ആയി.

എന്നാൽ പഞ്ചായത്ത് യഥാസമയം നടപടി എടുത്തില്ല.

പ്രിൻസിപ്പൽ കൃഷി ഓഫീസർ തുക വിനിയോഗിച്ചതിന്റെ വിവരം ആവശ്യപ്പെട്ടുവെന്നും എന്നാൽ തുക നാളിതുവരെ കർഷകർക്ക് വിതരണം ചെയ്യാൻ ലഭ്യമായിട്ടില്ല എന്നും കൃഷി ഓഫീസർ 6.8.19 നം 10.1.2020നം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന് ശേഷം മാത്രമാണ് നടപടി സ്വീകരിച്ചത്. ഭരണസമിതിയുടെ 13.01.2020 ലെ 16/1 തീരുമാനപ്രകാരം തുക അനുവദിച്ച് തരുന്നതിന് വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിനായി കൃഷി ഓഫീസറോട് നിർദ്ദേശിച്ചു. Q ബിൽ ആയപ്പോഴോ അതിനുശേഷമോ നടപടി സ്വീകരിച്ചില്ല.

പ്രൊഡക്ഷൻ ബോണസ് BIMS ൽ ലഭ്യമായതിന്റെ വിവരം ഓർഡർ നം.സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (17/13.07.2020)നൽകിയിരുന്നുവെങ്കിലും ഓർഡർ ലഭ്യമാക്കിയില്ല.

കൃത്യമായി നടപടികൾ സ്വീകരിക്കാത്തതുമൂലം കർഷകർക്ക് ലഭിക്കേണ്ട തുക നഷ്ടമായി .

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 കാർഷികമേഖല – അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട്, 166 വകുപ്പ് (1)-ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം വിവരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ തരിശുഭൂമിയിലെ കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ജൈവവള ഉല്പാദനം, വിത്തുല്പാദനം, കാലിത്തീറ്റ വിള വികസനം എന്നിവ ഉൾപ്പെടുന്നുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതികളിൽ മേൽസൂചിപ്പിച്ച മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഒട്ടും പ്രാധാന്യം നൽകിയതായി കാണുന്നില്ല.

2018-19 വർഷത്തെ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് |
|---|---|
| S036/19-നെൽകൃഷി വികസനം | 1000000 |
| S037/19-തെങ്ങിൻതൈവിതരണം | 188150 |
| S038/19- തെങ്ങ് രാമച്ചകൃഷിക്ക് ജൈവവളം | 533082 |
| S039/19-പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 74000 |
| S040/19-കറ്റിപമ്പ് വിതരണം | 148800 |
| S091/19-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1132620 |
| S041/19-ജൈവവിപണി ശക്തിപ്പെടുത്തൽ | 0 |
| S182/19—നീർത്തടമാസ്റ്റർപ്ലാൻ തയ്യാറാക്കൽ | 0 |

ജൈവവിപണി ശക്തിപ്പെടുത്തൽ, നീർത്തടമാസ്റ്റർപ്ലാൻ തയ്യാറാക്കൽ എന്നിവയൊന്നും നടപ്പാക്കിയിട്ടില്ല. നടപ്പാക്കിയ പദ്ധതികൾ വിത്ത്, വളം, കൂലിച്ചെലവ് സബ്സിഡി എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ മാത്രമാണ്.

പദ്ധതി രൂപീകരണത്തിന് മുന്നോടിയായി കാർഷികമേഖലയുടെ നിലവിലെ അവസ്ഥ, നേരിടുന്ന വെല്ലുവിളികൾ, വികസനത്തിനുള്ള സാധ്യതയും തന്ത്രങ്ങളും എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ ഒരു അവസ്ഥാരേഖ തയ്യാറാക്കേണ്ടതുണ്ട്. അപ്രകാരമുള്ള ഒരു അവസ്ഥാരേഖ തയ്യാറാക്കിയതായി കാണുന്നില്ല.

തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണൊലിപ്പ് തടയൽ, ജൈവവള ഉല്പാദനം, വിത്തുല്പാദനം, കാലിത്തീറ്റ വിള വികസനം എന്നിവക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. തരിശുഭൂമി പച്ചക്കറികൃഷിക്ക് ഉപയുക്തമാക്കുന്നതിന് നിലമൊരുക്കൽ, കരനെൽകൃഷിക്ക് നിലമൊരുക്കൽ എന്നീ പദ്ധതികൾക്ക് തൊഴിലുറപ്പ് പദ്ധതികൾ കൂടി ഉപയോഗപ്പെടുത്താവുന്നതുമാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ ഒരു അവസ്ഥാരേഖ തയ്യാറാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതായുണ്ട്.

# 1-30 ഹെഡ് മിസ്ട്രസ് (ജിഎൽപിഎസ് ,അണ്ടത്തോട്)നിർവഹണോദ്യോഗസ്ഥയായ പദ്ധതികൾ -

# അപാകതകൾ

1)പ്രോജക്റ്റ് നം -29/19

പ്രോജക്റ്റിന്റെ പേര്- എസ് എസ് എ വിഹിതം അടവാക്കൽ

വൗച്ചർ നം -218006801/20-8-18 തുക 13,22,940

മേൽ പദ്ധതി പ്രകാരം എസ് എസ് എ വിഹിതം അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) പ്രോജക്റ്റ് നം -181/19

പ്രോജക്റ്റിന്റെ പേര്- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ

വൗച്ചർ നം -218006662/16-5-18 തുക 1,72,960

മേൽ പദ്ധതി പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയുടെയും അപേക്ഷ മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ സ ഉ 22/2018 തി-14-2-18 ഖണ്ഡിക 7-2-7പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചർ വിതരണം നടത്തേണ്ടതെന്നും പട്ടിക ജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ വീണ്ടും ആനുകൂല്യത്തിന് അർഹരല്ലെന്നും ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമെ ഇപ്രകാരം ആനുകൂല്യം നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ ആയതെല്ലാം ഉറപ്പു വരുത്തിയതിന്റെ രേഖകൾ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കും വരെയ്ക്കും ചെലവു തുക 1,72,960 രൂപ തടസ്സപ്പെടുത്തുന്നു.

# 1-31 ഹെഡ് മിസ്ട്രസ് (ജിയുപിഎസ് ചെറായി)നിർവഹണോദ്യോഗസ്ഥയായ പദ്ധതികളിലെ അപാകതകൾ

ഹെഡ് മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായ താഴെ പറയുന്ന പദ്ധതികളോടനുബന്ധിച്ച് അതാതിന് നേരെ ചേർത്ത അപാകതകൾ കാണുന്നു.

1) പ്രോജക്റ്റ് നം -109/19

പ്രോജക്റ്റിന്റെ പേര്- ക്ളബുകൾക്ക് കബഡി പരിശീലനത്തിന് മാറ്റ് വാങ്ങി നൽകൽ

വൗച്ചർ നം -21801175/18-3-19 തുക 2,37,500

മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് ഒരു മീറ്റർ സ്ക്വയർ വലിപ്പവും 30*35 mm കനവുമുള്ള 250 എണ്ണം interlocking മാറ്റുകൾ വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) ടെണ്ടറിൽ പങ്കെടുത്ത 4 സ്ഥാപനങ്ങളിൽ trens sports എന്ന സ്ഥാപനം ടെണ്ടർ ഫോറം വില അടവാക്കിയതിന്റെ രേഖ ഫയലിലില്ല.

b) സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാറ്റിന്റെ നിരക്ക് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് obody nutrients എന്ന സ്ഥാപനമാണ് (മീറ്റർ സ്ക്വയറിന് 901 രൂപ incuding tax). ടെണ്ടർ ലഭിച്ച trenz sports എന്ന സ്ഥാപനം ക്വാട്ട് ചെയ്തത് മീറ്റർ സ്ക്വയറിന് 950 രൂപയാണ്. കുറവു നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. Trenz sports മായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

c) 18-12 18 ലെ പർച്ചെയ്സിംഗ് കമ്മറ്റി തീരുമാന പ്രകാരം ടെണ്ടറിൽ പങ്കെടുത്ത നാലു സ്ഥാപനങ്ങളോടും സാമ്പിൾ ലഭ്യമാക്കാൻ ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ആയത് ഹാജരാക്കിയതിന്റേയോ, ഗുണമേൻമ പരിശോധിച്ചതിന്റേയോ വിവരങ്ങൾ ലഭ്യമല്ല.

d) വാങ്ങിയ മാറ്റുകൾ ഏതു ക്ലബിനാണ് നൽകിയത്, എവിടെയാണ് സ്ഥാപിച്ചത് ക്ലബിന്റെ സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലത്താണോ എന്നുള്ളതിന്റെ വിവരങ്ങളൊന്നും ഫയലിലില്ല. ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റും ലഭ്യമല്ല. രേഖകൾ ലഭ്യമാക്കും വരെയ്ക്കും ചെലവു തുക 2,37,500 തടസ്സപ്പെടുത്തുന്നു.

2) പ്രോജക്റ്റ് നം-123/19

പ്രോജക്റ്റിന്റെ പേര്-ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ

വൗച്ചർ നം -21801174/18-3-19 തുക 1,26,000

മേൽ പദ്ധതി പ്രകാരം ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത trenz sports എന്ന സ്ഥാപനത്തിൽ നിന്നും 30 സ്പോർട്സ് കിറ്റുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ

സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. കുറെ ക്ലബുകളുടെ അപേക്ഷ മാത്രമാണ് ഫയലിലുള്ളത്. കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച് യുവജനക്ലബ് ഏകോപനസമിതിയുടെ തീരുമാനവും, ക്ലബുകളുടെ ആവശ്യകതാ ലിസ്റ്റും ഫയലില്ല. രേഖകൾ ലഭ്യമാക്കും വരെയും ചെലവു തുക1,26,000 തടസ്സപ്പെടുത്തുന്നു.

3) പ്രോജക്റ്റ് നം -25/19

പ്രോജക്റ്റിന്റെ പേര്- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ

വൗച്ചർ നം - 2180125/14-3-19 തുക 3,75,280

വൗച്ചർ നം - 2180126/14-3-19 തുക 2,34,550

വൗച്ചർ നം - 2180229/27-3-19 തുക 70,365

a. മേൽ പദ്ധതി പ്രകാരം 29 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിക്കായി ഇ- ടെണ്ടർ ക്ഷണിച്ചതിൽ ഏഴ് സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറവ് നിരക്ക് രേഖപ്പെടുത്തിയ വിശ്വാസ് കമ്പ്യൂട്ടേഴ്സിന് ടെണ്ടർ ലഭിക്കുകയും ചെയ്തു. ടെണ്ടറിൽ പങ്കെടുത്ത insight system, fazza information technology എന്ന സ്ഥാപനങ്ങൾ ടെണ്ടർ ഫോറം വില അടവാക്കിയതിന്റെ രേഖ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

b. ടെണ്ടർ ലഭിച്ച വിശ്വാസ് കമ്പ്യൂട്ടേഴ്സ് അവരുടെ ടെണ്ടറിൽ രേഖപ്പെടുത്തിയത് ACER ES1-533 എന്ന മോഡലാണ്. എന്നാൽ ഇൻവോയ്സ് നം 8320/9-3-19, 8321/9-3-19, 8685/26-3-19 എന്നിവ പ്രകാരം സപ്ളെ ചെയ്തത് lenovo-v13081 Hnoo Fuih pdc 4415 u എന്ന മോഡലാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും സപ്ലെ ചെയ്ത മോഡൽ സ്പെസിഫിക്കേഷൻ പാലിക്കുന്നതാണോ എന്നും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല.

c. ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വകുപ്പിൽ നിന്നും ടി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഫയലില്ല.

d. സർക്കാർ ഉത്തരവ്(കൈ നം 22/18 തസ്വഭവ തി-14.02.18പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക്(ഡിപ്ളോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം), ബിരുദാനന്തര ബിരുദം എന്നീ കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് മേൽ ആനുകല്യം നൽകാവുന്നത്. എന്നാൽ ആനുകല്യം കൈപ്പറ്റിയ താഴെ പറയുന്ന വിദ്യാർത്ഥികൾ മേൽ പറഞ്ഞ ഗണത്തിൽ വരുന്നില്ല.

| ക്രമ നം | പേര് | കോഴ്സ് | കാലാവധി | സ്ഥാപനം |
|---|---|---|---|---|
| 1 | സുബിത പി കെ D/o അപ്പുണ്ണി,തെക്കത്ത് ഹൗസ് | ഡാറ്റ എൻട്രി & ഓട്ടോമേഷൻ | 120 hrs | എൽ ബി എസ് സെൻറർ ഫോർ സയൻസ് ആൻറ് ടെക്നോളജി |
| 2 | വിന്നി രാജ് ,അറക്കൽ ഹൗസ്,പെരിയമ്പലം | ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ | Two years | ശ്രീ വിവേകാനന്ദ പഠന കേന്ദ്രം |
| 3 | വിമൽ വി ബി,വെട്ടനാട്ടിയിൽ ഹൗസ് | DCA | 1 year | എൽ ബി എസ് സെൻറർ ഫോർ സയൻസ് ആൻറ് ടെക്നോളജി |
| 4 | കുമാരി അഞ്ജലി ചന്ദ്രൻ, | ഡിപ്ലോമ ഇൻ സെക്രട്ടറിയൽ പ്രക്ടീസ് | 2 years | സർക്കാർ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്,മാള |
| 5 | വിദ്യ വി ജി ,പാലക്കൽ ,ചമ്മന്നൂർ | DCA | 1year | എൽ ബി എസ് സെൻറർ ഫോർ സയൻസ് ആൻറ് ടെക്നോളജി |
| 6 | സോന വി ജി ,വെട്ടനാട്ടയിൽ ഹൗസ്,ചെമ്മണ്ണൂർ | DCA | 1year | എൽ ബി എസ് സെൻറർ ഫോർ സയൻസ് ആൻറ് ടെക്നോളജി |

| | | | | |
|---|---|---|---|---|
| 7 | അക്ഷയ് കൃഷ്ണ എ ബി,അവണോട്ടിൽ പുന്നയൂർക്കുളം | ഐ ടി സി | 2 years | വികൂറി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി |
| 8 | മധുജിത്ത് ,മാഞ്ചിറക്കൽ ഹൗസ് | ഐ ടി ഐ(regular drafts man trainee | ലഭ്യമല്ല | ഗവ ഐ ടി ഐ എരുമപ്പെട്ടി |
| 9 | സുമീഷ് കെ എസ് ,കളത്തിൽ ഹൗസ്,മാവിൻ ചുവട് | Advanced d diploma in air cargo and logistics management | l year | Akbar institute of air cargo and logistics management |

മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത കോഴ്സുകളിൽ പഠിക്കുന്നവർക്ക് ആനുകല്യം നൽകിയ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ 41 പേരുണ്ട്. ആകെ 29 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. മേൽ പറഞ്ഞ 9 പേർക്ക് ആനുകൂല്യം നൽകിയപ്പോൾ യഥാർത്ഥത്തിൽ അർഹരായവർക്ക് ആനുകൂല്യം ലഭിയ്ക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിയ്ക്കപ്പെടേണ്ടതാണ്.

e. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത് മിഥുൻ പൊഴിയത്ത് എന്ന കുട്ടിയാണ് എന്നാൽ ആനുകൂല്യം നല്കിയിരിക്കുന്നത് നിഥിൻ പൊഴിയത്തിനാണ്.

f. രോഹിത്ത് പൊഴിയത്ത് എന്ന വിദ്യാർത്ഥി പ്രൈവറ്റായി എം എ യ്ക്ക് പഠിയ്ക്കുന്നതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ രജിസ്ട്രേഷൻ രേഖ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കും വരെ ചെലവു തുക 6,80,195 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

4) പ്രോജക്റ്റ് നം -29/19

പ്രോജക്റ്റിന്റെ പേര്- അണ്ടത്തോട് സ്കൂളിന് വാടക നൽകൽ

ചെക്ക് നം-76082/31-3-19 തുക 24,240

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അണ്ടത്തോട് സ്കൂളിന് വാടക നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ബിൽ, തുക ആർക്കു നൽകി എന്നതിന്റെ വിവരങ്ങളൊന്നും ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-32 ലൈഫ് ഭവന നിർമ്മാണ പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം -104/19

അടങ്കൽ-17,56,00,000

ചെലവ്-3,25,80,000
നിർവഹണോദ്യോഗസ്ഥൻ-- വി ഇ ഒ
ചെക്ക് നം-6796189/30-10-18 തുക 28,000

ചെക്ക് നം-100001/10-1-19 തുക 24,00,000

ചെക്ക് നം-57042/5-1-19 തുക 20,00,000

ചെക്ക് നം-6796192/5-1-19 തുക 55,20,000

ചെക്ക് നം-6796195/29-1-19 തുക 2,00,000

